കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## ഷോളയൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2016-2017

ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്

e-mail:dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ എസ് എ പി കെ ഡി 24-1983/2017

ജില്ലാ ഓഡിറ്റ് കാര്യാലയംപാലക്കാട്.
തീയതി 13.10.2017.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ഷോളയൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ഷോളയൂർ ഗ്രാമപഞ്ചായത്ത് -2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഷോളയൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് : 1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്.

നം.കെ എസ് എ പി കെ ഡി 24-1983/2017 തിയതി 13.10.2017.

## പാലക്കാട് ജില്ലയിലെ ഷോളയൂർ ഗ്രാമപഞ്ചായത്തിന്റെ2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

## ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ ഷോളയൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 29.11.2016 മുതൽ 14.9.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 29അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.രതീഷ് കുമാർ.പി.എം ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 15.09.2017മുതൽ 23.09.2017വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | അരവിന്ദാക്ഷൻ.കെ.വി, ഓഡിറ്റ് ഓഫീസർ |
| | : | റോബർട്ട്.കെ.ജി, അസി.ഓഡിറ്റ് ഓഫീസർ |
| | : | മുഹമ്മദ്ഫാറൂഖ്.കെ.പി. അസി.ഓഡിറ്റ് ഓഫീസർ<br><br>രാമകൃഷ്ണൻ,അസി.ഓഡിറ്റ് ഓഫീസർ |

<u>(ബി)നിർവ്വഹണാധികാരികൾ</u>

| | | | | |
|---|---|---|---|---|
| പ്രസിഡന്റ് | : | | രത്തിനാ രാമമൂർത്തി | 01-04-2016മുതൽ 31-03-2017 വരെ |
| സെക്രട്ടറി | : | | ചന്ദ്രലാൽ വി സി | 01-04-2016മുതൽ 31-03-2017 വരെ |
| <u>നിർവ്വഹണ ഉദ്യോഗസ്ഥർ</u> | : | | | |
| ഉദ്യോഗപ്പേര് | | | പേര് | കാലയളവ് |
| അസി. സെക്രട്ടറി | | | വിനോദ്കുമാർ കെ പി | 01-04-2016 മുതൽ 16-08-2016വരെ |
| അസി. സെക്രട്ടറി | | | സുന്ദർലാൽ എൻ എസ് | 13-02-2017 മുതൽ 31-01-2017 വരെ, (17-08-2016 to 12-02-2017 വരെ vacant) |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | | | അനിഷ.കെ.എസ്. | 01-04-2016 മുതൽ 31- |

| | | | |
|---|---|---|---|
| | | | 03-2017വരെ |
| മെഡിക്കൽ ഓഫീസർ പി എച്ച് സി ഷോളയൂർ | | അരുൺ അൽഫോൺസ് | 01-04-2016 മുതൽ 31-03-2017വരെ |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം ആനക്കട്ടി | | മണികണ്ഠൻ | 01-04-2016 മുതൽ 31-03-2017വരെ |
| കൃഷി ഓഫീസർ ആനക്കട്ടി | | സി ഡി സന്തോഷ് | 01-04-2016 മുതൽ 31-03-2017വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | | ചന്ദ്രൻ | 01-04-2016 മുതൽ 31-03-2017വരെ |
| വെറ്റിനറി സർജൻ ഷോളയൂർ | | മരിയ ലൂക്കോസ് | 01-04-2016മുതൽ 31-03-2017വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | | ശരവണൻ എം | 01-04-2016മുതൽ 31-03-2017വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | | രഞ്ജിത്ത് പി വി | 01-04-2016മുതൽ 31-03-2017വരെ |
| ICDS സൂപ്പർവൈസർ | | അന്നപൂർണ്ണി | 01-04-2016മുതൽ 31-03-2017വരെ |
| ICDS സൂപ്പർവൈസർ | | ഡെയ്സി ജോസഫ് | 01-04-2016മുതൽ 31-03-2017വരെ |
| ICDS സൂപ്പർവൈസർ | | മഹേശ്വരി | 01-04-2016മുതൽ 31-03-2017വരെ |

| | | | |
|---|---|---|---|
| ഹെഡ് മിസ്ട്രസ് | | അംബിക | 01-04-2016മുതൽ 31-03-2017വരെ |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| | |
|---|---|
| 2016-17 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | 1/3.3.2016 |

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.7.2017 | 1.8.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 11819546.72 |
| വരവ് | 101498137.00 |
| ആകെ | 113317683.71 |
| ചെലവ് | 90948732.00 |
| നീക്കിബാക്കി | 22368951.72 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | അലോട്ട്മെന്റ് | ആകെ | ചെലവ് | വിനിയോഗിക്കാത്ത തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 23142599 | 23142599 | 16583603 | 6558996 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 2023854 | 2023854 | 1235400 | 788454 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 23568771 | 23568771 | 19583856 | 3984915 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 3322281 | 3322281 | 3056392 | 265889 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 5740488 | 5740488 | 1785955 | 3954533 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 12978741 | 12978741 | 11013365 | 1965376 |
| ലോക ബാങ്ക് സഹായം | 0 | 6821009 | 6821009 | 0 | 6821009 |
| എം എൻ ആർ ഇ ജി എസ് | 2745 | 54886850 | 54889595 | 54875803 | 13792 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാ | നടപ്പാക്കാത്തവ | ചെലവ് ശതമാനം |
|---|---|---|---|---|---|---|

| | | | | ക്കിയത് | | |
|---|---|---|---|---|---|---|
| 190 | 135570469 | 105 | 80429846 | 4 | 81 | 59.32 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതി കളുടെ എണ്ണം | നടപ്പാ ക്കിയത് | ആകെ അടങ്കൽ | ചെല വഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 31 | 19 | 14669476 | 9920006 | 67.6 |
| അസി.സെക്രട്ടറി | 17 | 13 | 10045000 | 4207500 | 41.9 |
| അസി.എഞ്ചിനീയർ | 87 | 32 | 41260593 | 14651857 | 33.5 |
| കൃഷി ഓഫീസർ | 15 | 11 | 5469895 | 301610 | 5.5 |
| വെറ്ററിനറി സർജൻ | 4 | 4 | 2724800 | 1128901 | 41.43 |
| പി.എച്ച്.സി അലോപ്പതി | 2 | 2 | 850000 | 469870 | 55.3 |
| ആയുർവ്വേദം | 5 | 5 | 914405 | 914305 | 99.98 |
| ഹോമിയോ | 1 | 1 | 50000 | 50000 | 100 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 5 | 7065200 | 6813063 | 96.4 |
| വി.ഇ.ഒ | 19 | 14 | 52240000 | 41752500 | 79.9 |
| ഹെഡ് മാസ്റ്റർ | 4 | 3 | 281100 | 220234 | 78.3 |
| ആകെ | 190 | 109 | 135570469 | 80429846 | 59.3 |

പഞ്ചായത്തിന്റെ വിവിധ മേഖലയിലെ വികസനം ലക്ഷ്യം വെച്ച് അതാതു മേഖലകളിലുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ പ്രോജക്ടുകൾ ആവിഷ്ക്കരിക്കുമ്പോൾ അവ നടപ്പിലാക്കേണ്ട ബാധ്യത നിർവ്വഹണ ഉദ്യോഗസ്ഥന്മാർക്കുണ്ട്. 190 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചെങ്കിലും 81പ്രോജക്ടുകൾ നടപ്പിലാക്കാൻ കഴിഞ്ഞില്ല.നടപ്പിലാക്കിയ 109 പ്രവൃത്തികൾക്കായി 59.3 % തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.മെഡിക്കൽ ഓഫീസർ ആയുർവ്വേദം, ഹോമിയോ, ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നിവർ 90% ൽ കൂടുതൽ തുക ചെലവഴിച്ചപ്പോൾ വെറ്ററിനറി സർജൻ, അസിസ്റ്റന്റ് എഞ്ചിനീയർ, അസി.സെക്രട്ടറി, കൃഷി ഓഫീസർ എന്നിവർ 50% ൽ താഴെ മാത്രമാണ് തുക ചെലവഴിച്ചിട്ടുള്ളത്. ഇപ്രകാരം പ്രോജക്ടുകൾ നടപ്പിലാക്കാത്തതിനാൽ മറ്റു തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ജനങ്ങൾക്ക് ലഭിച്ച ആനുകൂല്യം ഇവിടെയുള്ളവർക്ക് ലഭിക്കാതെപോകുന്നത് നിർവ്വഹണത്തിലെ വീഴ്ചയായി വിലയിരുത്തുന്നു. ലഭിക്കുന്ന ഫണ്ടിനനുസരിച്ച് പരമാവധി പ്രോജക്ടുകൾ ആവിഷ്ക്കരിക്കുന്നതിനും അവ നടപ്പിലാക്കുന്നതിനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1602366 | 2159115 | 556749 | 34.75(+) |
| നികുതിയേതര വരവുകൾ | 185727 | 465388 | 279661 | 150(+) |
| ആകെ | 1788093 | 2624503 | 836410 | 46.78(+) |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി.

സാമൂഹ്യക്ഷേമ പെൻഷനുകൾ സമയബന്ധിതമായി നടപ്പിലാക്കേണ്ട ക്ഷേമ പദ്ധതികൾ ആയായതിനാൽ ഇവയ്ക്കുവേണ്ടി അപേക്ഷകൾ ലഭിക്കുന്ന തീയ്യതി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും സമയബന്ധിതമായി ഇവ അന്വേഷണ ഉദ്യോഗസ്ഥന്മാർക്ക് കൈമാറേണ്ടതുമാണ്. കാലതാമസമില്ലാതെ അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കി അതിന്റെ അടിസ്ഥാനത്തിൽ അർഹതയുള്ളപക്ഷം പെൻഷനുകൾ അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും രജിസ്റ്ററുകളിൽ രേഖപ്പെടുത്തി നിരീക്ഷണവിധേയമാക്കേണ്ടതുമാണ്. എന്നാൽ ഓഡിറ്റ് വർഷം ലഭിച്ച വിവിധ അപേക്ഷകൾ സമയബന്ധിതമായി അന്വേഷണത്തിനു നൽകിയിട്ടില്ലെന്ന് ബോധ്യമായി.

| ക്രമ നം. | പദ്ധതി | 2016-17 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടെങ്കിൽ പരിഹാര മാർഗ്ഗം. |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 1 | 0 | 0 | അപേക്ഷകൾ സമയബന്ധിതമായി അന്വേഷണത്തിനു നൽകാത്തതാണ് പെൻഷനുകൾ നിശ്ചിത സമയത്തിനകം അനുവദിക്കാൻ കഴിയാത്തത് എന്ന് ബോധ്യപ്പെട്ടു. |
| 2 | തൊഴിൽ രഹിത വേതനം | 0 | 0 | 0 | |
| 3 | വിധവാ പെൻഷൻ | 105 | 0 | 9 | അപേക്ഷകൾ സമയബന്ധിതമായി അന്വേഷണത്തിനു നൽകാത്തതാണ് പെൻഷനുകൾ നിശ്ചിത സമയത്തിനകം അനുവദിക്കാൻ കഴിയാത്തത് എന്ന് ബോധ്യപ്പെട്ടു. |
| 4 | വികലാംഗ പെൻഷൻ | 27 | 0 | 4 | പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട തിരക്കുകാരണം സമയബന്ധിതമായി അന്വേഷണ റിപ്പോർട്ട് സമർപ്പിക്കാൻ കഴിഞ്ഞില്ല എന്ന മറുപടിയാണ് ലഭിച്ചിട്ടുള്ളത്. |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 0 | 0 | 0 | - |
| 6 | വാർദ്ധക്യകാല പെൻഷൻ | 325 | 29 | 17 | അപേക്ഷകൾ സമയബന്ധിതമായി അന്വേഷണത്തിനു നൽകാത്തതാണ് പെൻഷനുകൾ നിശ്ചിത സമയത്തിനകം അനുവദിക്കാൻ കഴിയാത്തതിനു |

| | | | | | | |
|---|---|---|---|---|---|---|
| | | | | | കാരണം എന്ന് ബോധ്യപ്പെട്ടു. | |

രജിസ്റ്ററുകളും മറ്റു രേഖകളും കൃത്യമാക്കി സൂക്ഷിക്കേണ്ടതും അപേക്ഷകൾ ലഭിക്കുന്നത് സമയബന്ധിതമായി അന്വേഷണത്തിനു നൽകി ക്ഷേമപെൻഷനുകൾ സമയബന്ധിതമായി അനുവദിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.9.2017 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 5000 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

തനതുഫണ്ട് വൌച്ചറുകൾ ക്രമപ്രകാരം സൂക്ഷിച്ചിട്ടുണ്ട്. ഫ്രണ്ടോഫീസ് സംവിധാനം ഫലപ്രദമാണ്. രജിസ്റ്ററുകളും രേഖകളും കൃത്യമാക്കിവെക്കുന്നതിൽ ശ്രദ്ധ ചെലുത്തിയിട്ടുണ്ടെങ്കിലും ക്ഷേമപെൻഷനുകൾ രേഖപ്പെടുത്തുന്ന രജിസ്റ്ററിൽ അന്വേഷണത്തിനു നൽകുന്ന തീയതി കൃത്യമായി രേഖപ്പെടുത്തുന്നില്ല. രേഖപ്പെടുത്തിയ സംഗതികളിൽ സമയബന്ധിതമായിഅപേക്ഷകൾ അന്വേഷണത്തിനു നൽകുന്നില്ലെന്ന് കണ്ടെത്തി. പഞ്ചായത്തിന് ലഭിക്കേണ്ട വസ്തുനികുതി ഉപയോഗക്രമത്തിന്റെയും തറവിസ്തീർണ്ണത്തിന്റെയും അടിസ്ഥാനത്തിൽ ഈടാക്കുവാനുള്ള നടപടി കാര്യക്ഷമമായി ചെയ്തിട്ടില്ല. ആഭ്യന്തരനിയന്ത്രണം തൃപ്തികരമല്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമനം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 19.5.2017& 20.5.2017 | 3/17& 4/17 | 8.8.2017 | ഇല്ല |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 5.5.2014 മുതൽ 13.5.2014 വരെ | 2009-10 മുതൽ 2013-14 വരെ | 15.7.2014 | ഇല്ല |

# <u>ഭാഗം -2</u>

# <u>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 2-1 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

താഴെപ്പറയുന്ന ജീവനക്കാരുടെ 2016-17ലെ ഒന്നാം അർദ്ധവാർഷിക പത്രികയിൽ കാണിച്ചിരിക്കുന്ന വരുമാനത്തിന് അനുസൃതമായി തൊഴിൽനികുതി ഈടാക്കിയിട്ടില്ല

| പേര്, തസ്തിക | വരുമാന പത്രികയിലെ വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽനികുതി | കുറവ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| സാവിത്രി- HKP കനറാ ബാങ്ക് ആനക്കട്ടി | 107872 | 750 | 1000 | 250 |
| പത്മനാഭൻ ഇൻസ്ട്രക്ടർ ഗവ.ITIആനക്കട്ടി | 93800 | 300 | 750 | 450 |
| ആകെ | | 1050 | 1750 | 700 |

വരുമാനപത്രികയ്ക്ക് അനുസൃതമായി തൊഴിൽ നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി(നം 14/19.09.17) യ്ക്ക് ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതിയിനത്തിൽ കുറവുവന്ന തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.ആയതിനാൽ ഈയിനത്തിൽ ഈടാക്കേണ്ട 700/-രൂപ ഉത്തവാദിയായവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 ഡി&ഒ ലൈസൻസ്- ഫീസ് ഈടാക്കിയതിൽ കുറവ്

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ഡി&ഒ ലൈസൻസ് നൽകൽ ചട്ടം പ്രകാരം ചുമത്താവുന്ന നിരക്കിൽ ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല.

| ക്രമ നം | ലൈസൻസിയുടെ പേര് | ലൈസൻസ് നം | പ്രതിദിന വിറ്റുവരവ് | ഈടാക്കാവുന്ന ഫീ | ഈടാക്കിയത് | കുറവ് | രസീതി നം |
|---|---|---|---|---|---|---|---|
| 1 | മാവേലി സ്റ്റോർ ആനക്കട്ടി | 1669 | 10000 രൂപയിൽ കൂടുതൽ | 300 | 200 | 100 | 1150111594 /15.3.16 |
| 2 | സപ്ലൈക്കോ സബ് ഡിപ്പോ ആനക്കട്ടി | 2440 | 50000 | 1000 | 200 | 800 | 11601100134 /23.4.16 |
| 3 | ആകെ | | | 1300 | 400 | 900 | |

ഡി&ഒ ലൈസൻസ് ഫീ കുറവായി ഈടാക്കി ലൈസൻസ് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി(നം 09/16.09.17) യ്ക്ക് ലൈസൻസ് ഫീ ഇനത്തിൽ കുറവു വന്ന തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ആയതിനാൽ കുറവുവന്ന 900/-രൂപ മേൽ സ്ഥാപനങ്ങളിൽനിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്.

## 2-3 ഉപയോഗ ക്രമത്തിനനുസരിച്ച് കെട്ടിട നികുതി പുനർ നിർണ്ണയിക്കേണ്ടതാണ്

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള ഫോം 6 പരിശോധിച്ചതിൽ താഴെപ്പറയുന്ന വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിൽ കെട്ടിടത്തിന്റെ തരം തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

| ക്രമ നം. | കെട്ടിട നം | ലൈസൻസിയുടെ പേര്, മേൽവിലാസം, ഉപയോഗം | ഡി&ഒ രജിസ്റ്റർ ക്രമനം (2016-17) | നികുതി നിർണ്ണയത്തിൽ കെട്ടിടത്തിന്റെ തരം |
|---|---|---|---|---|
| 1 | 14/190 | ഷാഹുൽ ഹമീദ്,ട്രാങ്കുിലാന്റീയ,വണ്ണാന്തറ-ഫാം ടൂറിസം | 142 | പാർപ്പിടം |
| 2 | 1/614 | കെ വി ഹനീഫ പാലപ്പുഴ | 34 | പാർപ്പിടം |

| | | | | |
|---|---|---|---|---|
| | | ,കോട്ടത്തറ ഹോളോബ്രിക്സ് | | |
| 3 | 13/123 | കുട്ടൻനായർ പ്രിയാ നിവാസ്,കോട്ടത്തറ-ഹോട്ടൽ | 94 | പാർപ്പിടം |
| 3 | 11/540 | ഉണ്ണി,ചോനൻ മലയിൽ ,ചൂണ്ടക്കുളം-ശീതളപാനീയ വിപണനം | 108 | പാർപ്പിടം |
| 4 | 4/45 | മോഹന കെ- ഫ്ലോർ മിൽ | 124 | നികുതി,ഉപനികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ |

സഞ്ചയപ്രകാരം നികുതി നിർണ്ണയത്തിൽ പാർപ്പിട ആവശ്യത്തിന് എന്ന രേഖപ്പെടുത്തിയ മേൽപ്പറഞ്ഞ കെട്ടിടങ്ങൾ വാണിജ്യ ആവശ്യത്തിനാണ് ഉപയോഗിച്ചു വരുന്നത്. ആയതിനാൽ കുറഞ്ഞ നിരക്കിലാണ് നികുതി നിർണ്ണയം നടത്തിയിട്ടുള്ളത് .വസ്തുനികുതി നിർണ്ണയരേഖകൾ പരിശോധനയ്ക്ക് ലഭ്യമാകാത്തതിനാൽ നികുതി നിർണ്ണയത്തിൽ അപാകതയുണ്ടോ എന്ന് വ്യക്തമല്ല. ആയത് പരിശോധിച്ച് കെട്ടിടങ്ങളുടെ തരത്തിൽ ആവശ്യമായ മാറ്റം വരുത്തി നികുതി നിർണ്ണയിക്കേണ്ടതും ഈയിനത്തിൽ പഞ്ചായത്തിന്റെ നഷ്ടം ഉണ്ടായിട്ടുണ്ടെങ്കിൽ ഈടാക്കേണ്ടതുമാണ്. മേൽ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (17/19.09.17-ന്) ഡാറ്റാ എൻട്രിയിൽ വന്ന തെറ്റാണെന്നും ഇത് പരിശോധിച്ച് അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ വിവരമറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 2-4 ഡി & ഒ ലൈസൻസില്ലാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം 2016-17 ൽ വാണിജ്യാവശ്യങ്ങൾക്കായി പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ എണ്ണം താഴെ കൊടുക്കുന്നു.

| | |
|---|---|
| വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ/ റസ്റ്റോറന്റുകൾ /ഗോഡൗണുകൾ/ഷോപ്പുകൾ | 293 |
| വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ മുതൽ 200;ച.മീ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ/ റസ്റ്റോറന്റുകൾ /ഗോഡൌണുകൾ/ഷോപ്പുകൾ | 22 |
| വാണിജ്യ ആവശ്യത്തിനുള്ള 200 ച.മീ മുകളിൽ തറ വിസ്തീർണമുള്ള സൂപ്പർമാർക്കറ്റ്/ഷോപ്പിംഗ് മാളുകൾ | 12 |
| വാണിജ്യ ആവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ | 54 |
| വ്യവസായ ആവശ്യത്തിനുള്ള കൈത്തറിഷെഡ്/കയർ/പിരിഷെഡ് | 124 |
| ഇതര വ്യവസായ ആവശ്യത്തിനുള്ള | 137 |
| റിസോർട്ടുകൾ,ഹോം സ്റ്റേ | 44 |
| ആകെ | 686 |

എന്നാൽ ഡി & ഒ രജിസ്റ്റർ പ്രകാരം 2016-17 വർഷത്തിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിനായി ലൈസൻസെടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം 152 മാത്രമാണ്. ഡി & ഒ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടികൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (18/19.09.17-ന്) വാണിജ്യാവശ്യങ്ങൾക്കായുള്ള കെട്ടിടങ്ങളിൽ പലതും പൊളിച്ചുമാറ്റിയ ഇഷ്ടിക കമ്പനികളാണെന്നും സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ച് ആവശ്യമായ മാറ്റം വരുത്തി അപാകത പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.ഇവ പുന:പരിശോധിച്ച് അപാകത പരിഹരിക്കേണ്ടതും ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-5 ഡി&ഒ ലൈസൻസ് നൽകിയപ്പോൾ ആവശ്യമായ നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ വാങ്ങി സൂക്ഷിച്ചില്ല

2016-17 വർഷത്തിൽ ഗ്രാമപഞ്ചായത്ത് 152 സ്ഥാപനങ്ങൾക്ക് ഡി&ഒ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. രേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡി&ഒ ലൈസൻസ് നൽകിയപ്പോൾ അവശ്യം ഹാജരാക്കേണ്ട സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കാതെയാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്.

| സ്ഥാപനം/ ഉടമയുടെ പേര് | ആവശ്യമായ നിരാക്ഷേപ സാക്ഷ്യപത്രം നൽകേണ്ട സ്ഥാപനം | തുക/ രസീതി നം | ബാധകമായ ഉത്തരവ് |
|---|---|---|---|
| ശ്രീദേവ് ഹോളോബ്രിക്സ് ഉടമസ്ഥൻ-ശ്രീ.ദിനേശ് കുമാർ,കോട്ടത്തറ | മലിനീകരണ നിയന്ത്രണ ബോർഡ് | 200 11501101506/02.03.16 | മലിനീകരണ നിയന്ത്രണ ബോർഡിന്റെ 30.12.2010 ലെ PCB/HO/KTM/16741/09/09 നമ്പർ സർക്കുലർ |
| കെ വി എച്ച് ഹോളോബ്രിക്സ് ഉടമസ്ഥൻ-ശ്രീ കെ.വി ഹനീഫ കോട്ടത്തറ | മലിനീകരണ നിയന്ത്രണ ബോർഡ് | 300 38/48715/22.3.16 | മലിനീകരണ നിയന്ത്രണ ബോർഡിന്റെ 30.12.2010 ലെ PCB/HO/KTM/16741/09/09 നമ്പർ സർക്കുലർ |
| കോഴി വ്യാപാരം പളനിയമ്മ ,കോട്ടത്തറ | മലിനീകരണ നിയന്ത്രണ ബോർഡ് | 100 48/48715/22.3.16 | 1996-ലെ കേ.പ.രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ |
| ദീപികാ ചിക്കൻ സെന്റർ ആനക്കട്ടി | മലിനീകരണ നിയന്ത്രണ ബോർഡ് | 100 74/48715/23.3.16 | 1996-ലെ കേ.പ.രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ |
| എസ്.ജി ചിക്കൻ സ്റ്റാൾ,ഷോളയൂർ | മലിനീകരണ നിയന്ത്രണ ബോർഡ് | 100 95/48715/23.3.16 | 1996-ലെ കേ.പ.രാജ് (ആപൽക്കരവും അസഹ്യവുമായ |

| | | | |
|---|---|---|---|
| ടി.എം ബേബി,ഷോളയൂർ | | | വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ |
| കറുപ്പസ്വാമി-കോഴി വ്യാപാരം,ആനക്കട്ടി | മലിനീകരണ നിയന്ത്രണ ബോർഡ് | 500<br>11601100466/19.07.16 | 1996-ലെ കേ.പ.രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ |

മതിയായ രേഖകൾ ഇല്ലാതെ ലൈസൻസ് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറി(നം 15/19.09.17) യ്ക്ക് താരതമ്യേന ചെറിയ യൂണിറ്റുകളായതിനാലാണ് മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് ഇല്ലാതെ ലൈസൻസ് അനുവദിച്ചതെന്നും ഭാവിയിൽ ആവശ്യമായ എല്ലാ സർട്ടിഫിക്കറ്റുകളുടെയും അടിസ്ഥാനത്തിൽ മാത്രമേ ലൈസൻസ് നൽകുകയുള്ളു എന്ന് മറുപടി നൽകിയിട്ടുണ്ട്. അപാകത പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 കെട്ടിടനിർമ്മാണ പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്

2011 ലെ കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമാണ) ചട്ടങ്ങളിലെ ചട്ടം 11 (3)ലെ പട്ടിക പ്രകാരം വില്ലേജ് പഞ്ചായത്ത് കാറ്റഗറി 2 ൽ ഉൾപ്പെടുന്ന വാസഗൃഹങ്ങൾക്ക് ചതുരശ്രമീറ്ററിന് 3/- രൂപയും വാണിജ്യ കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 5/- രൂപയുമാണ് ഈടാക്കേണ്ടത്. എന്നാൽ കെട്ടിട നിർമാണ പെർമിറ്റ് അപേക്ഷ രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപേക്ഷകരിൽ നിന്നും കെട്ടിട നിർമാണ പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവുള്ളതായി കണ്ടെത്തി.

| അപേക്ഷകൻ | പെർമിറ്റ് നമ്പർ | തറ വിസ്തീർണ്ണം (ച.മീ) | ഈടാക്കേണ്ട പെർമിറ്റ് ഫീസ് | ഈടാക്കിയ പെർമിറ്റ് ഫീസ് | റസീറ്റ് നം/ തീയതി | കുറവ് |
|---|---|---|---|---|---|---|
| ശ്രീമതി വസന്തമണി | A203/16-17/28.8.16<br>ഗാർഹികം | 204.69 | 614 | 555 | 11601100717 /27.8.16 | 59 |
| ശ്രീമതി ജ്യോതിമണി | A2-11/16-17/16.11.16ഗാർഹികം<br>വാണിജ്യം<br>ആകെ | 33.10<br>32.31<br>65.41 | 99<br>162<br>261 | 165 | 11601101047 /16.11.16 | 96 |
| ശ്രീ ബാലകുമാരൻ | A2-7/16-17/06.08.16<br>ഗാർഹികം(A2 ക്വാർട്ടേഴ്സ്) | 103.05 | 515 | 309 | 11601100539/ 6.8.16 | 206 |
| ആകെ | | | 1393 | 1029 | | 361 |

കെട്ടിട നിർമാണ പെർമിറ്റ്ഫീസ് കുറവായി ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി(നം 10/16.09.17) യ്ക്ക് പെർമിറ്റ് ഫീ ഇനത്തിൽ കുറവുവന്ന തുക ബന്ധപ്പെട്ട കക്ഷികൾനിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ആയതിനാൽ കുറവു വന്ന തുക ഈടാക്കി അടയ്ക്കാത്തപക്ഷം ആയത് സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.

## 2-7 വസ്തുനികുതി - പുനർനിർണ്ണയം നടത്തേണ്ടതാണ്

എ) ആരീസ് പോളീടെക്നിക്ക് കോളേജ്

പഞ്ചായത്തിൽ നിന്നും അനുവദിച്ച 994/13/06.02.2013 പെർമിറ്റ് പ്രകാരം ആരീസ് പോളീടെക്നിക്ക് കോളേജിന്റെ കെട്ടിടനിർമ്മാണത്തിനായി ബേസ്മെന്റ്, താഴത്തെ നില, ഒന്നാം നില മുതൽ നാലാം നില വരെയുള്ള കെട്ടിടങ്ങൾ എന്നിവയ്ക്കായി ആകെ 3725.66ച.മീ വിസ്തീർണ്ണം കെട്ടിടനിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ട്. പെർമിറ്റിൽ ഓരോ നിലകളുടെയും വിസ്തീർണ്ണം പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ല. ആയത് പുതുക്കി നൽകിയതിനുള്ള രേഖകളൊന്നും ലഭ്യമായില്ല. കോളേജ് കെട്ടിടത്തിന്റെ താഴത്തെ നിലമുതൽ നാലാം നില വരെയുള്ള കെട്ടിടങ്ങൾക്കാണ് കെട്ടിട നമ്പർ നല്കി വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത്(നം iii/339A).ഇവയുടെ കൃത്യത പരിശോധിക്കുന്നതിനു വേണ്ടി 19.09.2017-ാം തീയതി ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലർക്ക് ,അക്കൌണ്ടന്റ്,അസി.എഞ്ചിനീയർ ഓഫീസ് ക്ലർക്ക് എന്നിവരുടെ സാന്നിധ്യത്തിൽ ഓഡിറ്റ് ടീം മട്ടത്തുകാട് പ്രവർത്തിച്ചുവരുന്ന ആരീസ് പോളീടെക്നിക്ക് കോളേജ് കെട്ടിടം നേരിൽ പരിശോധിച്ചതിൽ കോളേജ് കെട്ടിടത്തിന്റെ നാലാം നിലവരെയുള്ള കെട്ടിടങ്ങളുടെ പണി പൂർത്തിയായി നിലവിൽ ഉപയോഗിച്ചുവരുന്നുണ്ടെന്ന് ബോധ്യമായി.

കോളേജ് കെട്ടിടത്തിനടുത്തായി, അക്കാദമിക്ക് ബ്ലോക്ക്, ഹോസ്റ്റൽ എന്നിവയുടെ ആവശ്യാർത്ഥം 7317.27ച.മീ വിസ്തീർണ്ണത്തിലുള്ള കെട്ടിട നിർമ്മാണത്തിനായി 1003/03.03.2014 നം. പ്രകാരം പെർമിറ്റ് നൽകിയത് 10.07.2020 വരെ പുതുക്കി നൽകിയിട്ടുണ്ട്.അതുകൊണ്ട് ഇവയുടെ നികുതി നിർണ്ണയിച്ചു നൽകിയിട്ടില്ല. എന്നാൽ ഹോസ്റ്റൽ കെട്ടിടത്തിന്റെ മൂന്ന് നിലകളുടെ കെട്ടിടനിർമ്മാണം പൂർത്തിയാക്കുകയും കുട്ടികൾ താമസത്തിന് ഉപയോഗിക്കുകയും ചെയ്യുന്നുണ്ടെന്നും .അക്കാദമിക്ക് ബ്ലോക്ക് താഴത്തെ നില പൂർത്തിയാക്കുകയും ലാബ്,ക്ലാസ് മുറികൾ എന്നിവയ്ക്കായി ഉപയോഗിക്കുന്നുണ്ടെന്നും പരിശോധനയിൽ ബോധ്യമായിട്ടുണ്ട്. എന്നാൽ നാളിതുവരെ ടി കെട്ടിടങ്ങളുടെ പൂർത്തീകരണ വിവരം ഉടമസ്ഥർ അറിയിക്കുകയോ പഞ്ചായത്തിൽ നിന്നും വസ്തുനികുതി നിർണ്ണയിക്കുകയോ ചെയ്തിട്ടില്ല.

കൂടാതെ കോളേജ് കാന്റീനിനു വേണ്ടി ഉപയോഗിക്കുന്ന കെട്ടിടവും വസ്തുനികുതി നിർണ്ണയത്തിലുൾപ്പെട്ടിട്ടില്ല ചിത്രം താഴെ കൊടുക്കുന്നു.





അക്കാദമിക്ക് ബ്ലോക്ക് കെട്ടിടം



ഹോസ്റ്റൽ കെട്ടിടം

പഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിന് ഒരു മുഖ്യ സ്രോതസ്സായ ആരീസ് പോളിടെക്നിക്ക് കോളേജിന്റെ മുഴുവൻ കെട്ടിടസമുച്ചയങ്ങളുടെയും വസ്തുനികുതി നാളിതുവരെ നിർണ്ണയിക്കാത്തത് പഞ്ചായത്തിന്റെ ഭാഗത്തു നിന്നുമുള്ള ഗുരുതരവീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. മാത്രമല്ല നിർമ്മിച്ച മുഴുവൻ കെട്ടിടങ്ങളും നിർമ്മാണ അനുമതിയ്ക്ക് അനുസരിച്ചാണോ എന്നും വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന്റെ കൃത്യതയും ഉറപ്പുവരുത്തുന്നതിനാവശ്യമായ രേഖകൾ പഞ്ചായത്തിൽ നിന്നും ലഭ്യമായില്ല. ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി(നം 20/19.09.17) യ്ക്ക് മേൽ സ്ഥാപനത്തിന്റെ കെട്ടിട നികുതി പുന:പരിശോധിച്ച് നികുതി പൂർണ്ണമായും ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ബി) വിഷൻ നാച്ചർ റിസോർട്ട്-

ഏഴാം വാർഡിൽ 31/A മുതൽ 31/Y വരെയുള്ള കെട്ടിട നമ്പറുകളിലായി ഈ റിസോർട്ട് സ്ഥിതി ചെയ്യുന്നു.സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള ഫോറം 6 ൽ ഈ കെട്ടിടങ്ങളിൽ ഒന്നിലും എയർകണ്ടീഷൻ ഇല്ല എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.ഇതിന്റെ അടിസ്ഥാനത്തിലാണ് വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളത്. എന്നാൽ പ്രാദേശിക പരിശോധനയിൽ ഓഫീസ്, ഹോട്ടൽ, മുറികൾ എന്നിവയുൾക്കൊള്ളുന്ന പ്രധാന കെട്ടിടം രണ്ട് നിലയിൽ

എയർകണ്ടീഷൻ സൌകര്യത്തോടെ സ്ഥിതി ചെയ്യുന്നുണ്ട്. മുകളിലെ നില വസ്തുനികുതി നിർണ്ണയത്തിലുൾപ്പെട്ടിട്ടില്ല.



ഒരു നിലയുള്ളതും എയർകണ്ടീഷൻ സൌകര്യമുള്ളതുമായ കോട്ടേജുകൾ , ജീവനക്കാർക്ക് താമസിക്കാനുള്ള ഒരു നിലയുള്ള കെട്ടിടം എന്നിവയും കോമ്പൌണ്ടിൽ സ്ഥിതി ചെയ്യുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇവയുടെ വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളതും എയർകണ്ടീഷൻ ഇല്ല എന്ന് പരിഗണിച്ചാണ്. ആയതിനാൽ ഇവയുടെയും വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളത് പുന: പരിശോധിച്ച് അപാകങ്ങൾ പരിഹരിക്കേണ്ടതാണ്. ഇവ കൂടാതെ പഞ്ചായത്തുപരിധിയിലുള്ള മറ്റു റിസോർട്ടുകളുടെകൂടി സ്ഥല പരിശോധന നടത്തി നികുതിയുടെ കൃത്യത ഉറപ്പു വരുത്തേണ്ടതാണ്.

## 2-8 പഞ്ചായത്തിന്റെ കംഫർട്ട് സ്റ്റേഷൻ സൌജന്യമായി ലഭ്യമാക്കി സ്വകാര്യ വ്യക്തി ലാഭമുണ്ടാക്കുന്നു

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും 2016-17 ൽ മാത്രം അറ്റകുറ്റപ്പണിക്കായി 149313 രൂപ ചെലവഴിച്ചതും ഏകദേശം 800000 രൂപ വിലമതിക്കുന്നതുമായ കംഫർട്ട് സ്റ്റേഷൻ നടത്തിപ്പിനുവേണ്ടി ഓഡിറ്റ് വർഷത്തിലും ഓഡിറ്റ് സമയത്തും ആർക്കും ലേലം ചെയ്തുകൊടുത്തിട്ടില്ല. എന്നാൽ പഞ്ചായത്തു ജീവനക്കാരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ഒരു സ്വകാര്യവ്യക്തി ഇവ പ്രയോജനപ്പെടുത്തുകയും യൂറിനൽ,ടോയ്ലറ്റ്,ബാത്ത് റും എന്നിവ യഥാക്രമം 2രൂപ, 5രൂപ, 15 രൂപ എന്നീ നിരക്കിൽ പൊതുജനങ്ങളിൽ നിന്നും തുക ഈടാക്കുന്നതായും ബോധ്യമായി. പൊതു ഉപയോഗത്തിനുവേണ്ടിയുള്ള കംഫർട്ട്സ്റ്റേഷൻ നടത്തിപ്പിനുവേണ്ടി ലേലം ചെയ്തു കൊടുക്കുന്നതിനു പകരം സ്വകാര്യവ്യക്തിക്ക് സൌജന്യമായി നൽകിയ നടപടി ക്രമവിരുദ്ധമാണ്.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(25/16-17/20.9.2017) വ്യക്തമായ മറുപടി രേഖാമൂലം നൽകിയില്ല.

പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സ്രോതസ്സ് പ്രയോജനപ്പെടുത്താത്തത് അന്വേഷണ വിധേയമാക്കേണ്ടതാണ്. കംഫർട്ട് സ്റ്റേഷൻ പരിസരത്ത് ബസ്സ്സ്റ്റാന്റിനുള്ള വിശാലമായ സ്ഥലം പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉണ്ടെങ്കിലും ബസ്സുകൾ പ്രവേശിക്കാത്തതിനാൽ കംഫർട്ട് സ്റ്റേഷൻ പ്രയോജനപ്പെടുത്തുന്ന ആളുകളുടെ എണ്ണം കുറവായതുകൊണ്ടാണ് ലേലം ചെയ്യാത്തത് എന്ന രേഖാമൂലമല്ലാത്ത മറുപടി അറിയിച്ചിട്ടുണ്ട്.അതുകൊണ്ട് ബസ്സ് സ്റ്റാന്റ് പരിസരം വൃത്തിയാക്കി ബസ്സുകൾ സ്റ്റാന്റിനകത്തേക്ക് പ്രവേശിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും കംഫർട്ട് സ്റ്റേഷൻ പഞ്ചായത്ത് ഏറ്റെടുത്ത് നടത്തിപ്പിനായി ലേലം ചെയ്തു നൽകേണ്ടതുമാണ്.

## 2-9 മൊബൈൽ ടവർ- വസ്തുനികുതി ഈടാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ സഞ്ചയ സോഫ്റ്റ് വെയർ അനുസരിച്ച് 7 മൊബൈൽ ടവറുകളാണ് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം. | വാർഡിന്റെ പേര് | ടവറിന്റെ ഉടമ/ടവർ | ഇൻസ്റ്റലേഷൻ | വസ്തുനികുതി കുടിശ്ശിക |
|---|---|---|---|---|---|
| | | | | | |

| | | | | നടത്തിയ വർഷം | |
|---|---|---|---|---|---|
| 1 | 3/135 | വട്ടലക്കി | പ്രിൻസിപ്പൽ,വട്ടലക്കി ,മട്ടത്തുകാട് വൊഡാഫോൺ സെല്ലുലാർ ലിമിറ്റഡ് | 2013 | 2013-14 മുതൽ |
| 2 | 12/141 | ഷോളയൂർ | ബി എസ് എൻ എൽ ലിമിറ്റഡ് | 2013 | 2013-14മുതൽ |
| 3 | 12/147 | ഷോളയൂർ | റിലയൻസ് ഇൻഫോടെൻ ലിമിറ്റഡ് എസ്.എ റോഡ് കൊച്ചി | 2013 | 2013-14 മുതൽ |
| 4 | 12/148 | ഷോളയൂർ | ബി എസ് എൻ എൽ ലിമിറ്റഡ് | 2013 | 2013-14മുതൽ |
| 5 | 12/149 | ഷോളയൂർ | റിലയൻസ് ഇൻഫോടെൻ ലിമിറ്റഡ് എസ്.എ റോഡ് കൊച്ചി | 2013 | 2013-14 മുതൽ |
| 6 | 12/150 | ഷോളയൂർ | ഐഡിയ സെല്ലുലാർ ലിമിറ്റഡ് | 2013 | 2013-14മുതൽ |
| 7 | 12/151 | ഷോളയൂർ | വൊഡാഫോൺ സെല്ലുലാർ ലിമിറ്റഡ് | 2013 | 2013-14മുതൽ |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ പെർമിറ്റില്ലാതെ അനധികൃതമായി സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്ന മൊബൈൽ ടവറുകളുടെ വിവരം ശേഖരിക്കുന്നതിന് ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തണമെന്നും, അനധികൃതമായി പ്രവർത്തിക്കുന്നതായി കണ്ടെത്തുന്ന ടവറുകളിൽനിന്ന് പെർമിറ്റ് ഫീസും, കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തുനികുതിയും ഈടാക്കണമെന്നും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.10.2014-ലെ 40395/ആർ.സി.2/2014/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്.

2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവനഉപനികുതിയും സർചാർജ്ജ്) ചട്ടങ്ങൾ പ്രകാരം ഒരു ചതുരശ്രമീറ്റർ തറവിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചിട്ടുണ്ട്. ഇതു പ്രകാരം മൊബൈൽ ടെലിഫോൺ ടവറിന് ചതുരശ്രമീറ്ററിന് 400 മുതൽ 500 രൂപ വരെ വസ്തു നികുതി ചുമത്താവുന്നതാണ്. സ.ഉ(എം.എസ്)നം.150/14/ ത.സ്വ.ഭ.വ തിയതി 21-8-2014 പ്രകാരം നിലവിൽ വന്ന അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിനുള്ള ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ടെലി കമ്മ്യൂണിക്കേഷൻ ടവറുകൾ ക്രമവൽക്കരിക്കുന്നതിനുള്ള ഫീസ് 25000 രൂപയാണ്. GO(Rt)No.2640/12/LSGD തിയതി 19-9-2012 പ്രകാരം ബി.എസ്.എൻ.എൽ മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നതിന് ഉത്തരവായിട്ടുണ്ട് ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 03/15.09.17) യ്ക്ക് അനധികൃത മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നില്ലെന്നും മേൽസൂചിപ്പിച്ച പ്രകാരം വസ്തുനികുതി കുടിശ്ശിക ഈടാക്കുവാനുണ്ടെന്നും ഗ്രാമപഞ്ചായത്ത്

അറിയിച്ചിട്ടുണ്ട്. വസ്തുനികുതി കുടിശ്ശിക ഒടുക്കുവാൻ ആവശ്യപ്പെട്ട് ടവർ ഉടമകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും തുക ഒടുക്കിയിട്ടില്ല. കുടിശ്ശിക ഈടാക്കുന്നതിനായി ക്രിയാത്മക നടപടികൾ സ്വീകരിക്കേണ്ടതും വസ്തുനികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിനുണ്ടാകുന്ന ചോർച്ച തടയുന്നതിനായി ഭരണസമിതിയുടേയും ഉദ്യോഗസ്ഥരുടേയും കൂട്ടായ ശ്രമം ഉണ്ടാകേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 സമ്പൂർണ്ണ ഗാർഹിക ശൗചാലയം- അനർഹരായ ഗുണഭോക്താക്കൾകൈപ്പറ്റിയ തുക – 155000 രൂപ തിരികെ ഈടാക്കേണ്ടതാണ്.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ( കത്തലക്കണ്ടി, ഷോളയൂർ സർക്കിളുകൾ) നിർവ്വഹണം നടത്തിയ സമ്പൂർണ്ണ ഗാർഹിക ശൗചാലയം പദ്ധതിയിൽ ധനസഹായം കൈപ്പറ്റിയ 1575 പേരിൽ 12പേർ അനർഹമായി തുക കൈപ്പറ്റിയിട്ടുണ്ടെന്ന് ഓഡിറ്റിൽ കണ്ടെത്തി. നിലവിൽ ശൌചാലയമുള്ള വ്യക്തികളെയാണ് ലിസ്റ്റിൽ ഉൾപ്പെടുത്തി തുക അനുവദിച്ചിട്ടുള്ളത്. ആയത് ക്രമപ്രകാരമല്ല.

വിശദാംശങ്ങൾതാഴെ കൊടുക്കുന്നു.

പ്രൊജ.നം-1/17 സമ്പൂർണ്ണ ഗാർഹിക ശൗചാലയം(ജ) – അടങ്കൽ- 6483400

പ്രൊജ.നം- 2/17 സമ്പൂർണ്ണ ഗാർഹിക ശൗചാലയം(TSP) – അടങ്കൽ 16832200

പ്രൊജ.നം-3/17 സമ്പൂർണ്ണ ഗാർഹിക ശൗചാലയം(SCP) – അടങ്കൽ- 939400

പ്രൊജ.നം- 210/17സമ്പൂർണ്ണ ഗാർഹിക ശൗചാലയം(ജ)-അടങ്കൽ - 34600000

ജി.പ. അധിക വിഹിതം

പ്രൊജ.നം- 210/17സമ്പൂർണ്ണ ഗാർഹിക ശൗചാലയം(SCP)

ജി.പ. അധിക വിഹിതം അടങ്കൽ- 520000

പ്രൊജ.നം- 210/17സമ്പൂർണ്ണ ഗാർഹിക ശൗചാലയം(TSP)

ജി.പ. അധിക വിഹിതം അടങ്കൽ- 10800000

പദ്ധതി വിഹിതം- (ചെലവ്) 24255000 രൂപ

| ക്രമനം | ബിൽ നം., തീയ്യതി | തുക |
|---|---|---|
| 1 | 1/17 തീ.30.8.16 | 250000 |
| | | |

| | | |
|---|---|---|
| 2 | 2/17 തീ.30.8.16 | 250000 |
| 3 | 3/17 തീ. 7.9.16 | 100000 |
| 4 | 4/17തീ. 7.9.16 | 1000000 |
| 5 | 5/17തീ. 7.9.16 | 250000 |
| 6 | 6/17തീ. 7.9.16 | 100000 |
| 7 | 7/17തീ. 7.9.16 | 395000 |
| 8 | 8/17തീ.12.9.16 | 1450000 |
| 9 | 9/17തീ.12.9.16 | 4600000 |
| 10 | 10/17തീ.28.9.16 | 600000 |
| 11 | 12/17തീ.28.9.16 | 500000 |
| 12 | 13/17തീ.28.9.16 | 1500000 |
| 13 | 14/17 തീ.5.10.16 | 2800000 |
| 14 | 16/17.തീ.14.10.16 | 344400 |
| 15 | 17/17.തീ.14.10.16 | 4774000 |
| 16 | 20/17 തീ.21.12.16 | 2628400 |
| 17 | 23/17 തീ.30.1.17 | 1558200 |
| 18 | 24/17.തീ. 31.1.17 | 1155000 |
| ആകെ- | | 24255000 |

ജില്ല പഞ്ചായത്ത് അധിക വിഹിതം-

ചെക്ക് നം. 603696/17.11.16-2500000 രൂപ

,, 603388/25.01.17-5000000 രൂപ

,, 603839/25.01.17- 250000 രൂപ

,, 603900/31.03.17- 270000 രൂപ

,, 839414/31.03.17-3800000 രൂപ

,, 839415/31.03.17- 700000 രൂപ

ജില്ലാ പഞ്ചായത്ത് ആകെ- 12520000 രൂപ

ഒട്ടാകെ- 36775000 (24255000+ 12520000)

ഇത്തരത്തിൽ തുക നൽകാനുണ്ടായ സാഹചര്യം, തുക തിരികെ ഈടാക്കാൻ ഇതുവരെ സ്വീകരിച്ച നടപടികൾ എന്നിവ ആരാഞ്ഞുകൊണ്ട്നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നമ്പർ 19/19.9.19)നിർവ്വഹണോദ്യോഗസ്ഥൻ രേഖാമൂലം മറുപടി സമർപ്പിച്ചില്ല.

പരിമിതമായ സമയത്തിനുള്ളിൽ, എഗ്രിമെന്റ് വെച്ച 1575 ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ അപ് ലോഡ് ചെയ്യുന്ന സമയത്ത് അബദ്ധവശാൽ അനർഹരുടെ പേരുകൾ കടന്നു കൂടിയതാണെന്നും, പിന്നീടുള്ള അന്വേഷണത്തിൽ ഇവർക്ക് സ്വന്തമായി ശൗചാലയങ്ങൾ ഉണ്ടായിരുന്നെന്ന് ബോധ്യപ്പെട്ടുവെന്നും അതിനാൽ തുടർന്നുള്ള ഗഡുക്കൾ നൽകിയില്ല എന്നും വി.ഇ.ഒ രേഖാമൂലമല്ലാതെ അറിയിച്ചു.

മേൽ പറഞ്ഞ വിധം ധനസഹായ കൈപ്പറ്റിയ ഗുണഭോക്താക്കളെ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | ഗുണഭോക്താവിന്റെപേരും വിലാസവും | കൈപ്പറ്റിയ തുക | ചെക്ക്നം. തീയ്യതി |
|---|---|---|---|
| 1 | കണ്ണിയമ്മ W/O മണി,<br>കല്വക്കുർ<br>( പൊതു വിഭാഗം) | 13000 | 6902011/21.10.16 |
| 2 | ഇന്ദ്രാണി W/O<br>രാമമൂർത്തി,<br>കല്വക്കുർ( ജ) | 13000 | 6902011/21.10.16 |
| 3 | നീലവേണി<br>W/O ഗോവിന്ദൻ,<br>കുട്ടതറ, ഷോളയൂർ | 13000 | 6902011/21.10.16 |
| 4 | മരുതമ്മ W/O<br>നഞ്ചപ്പ കൊണ്ടർ,<br>പെട്ടിക്കൽ, ഷോളയൂർ<br>(ജ) | 13000 | 690219/8.12.16 |
| 5 | അന്നമ്മ, W/O<br>സെബാസ്റ്റ്യൻ,പെട്ടിക്കൽ, ഷോളയൂർ | 13000 | 690403/ 10.2.17 |
| 6 | സത്യഭാമ W/O<br>കുട്ടൻ, ഷോളയൂർ | 13000 | 669966/4.10.16 |
| 7 | കനകം W/O<br>മുത്തുകിളി,<br>ഷോളയൂർ (ജ) | 10000 | 690219/8.12.16 |
| 8 | കാളിയമ്മ<br>W/O രങ്കസ്വാമി,<br>നല്ലശിങ്ക, ഷോളയൂർ<br>(SC) | 10000 | 690218/8.12.16 |
| 9 | മണി W/O<br>മരുതാചലം, കല്വക്കുർ,<br>ഷോളയൂർ (ജ) | 13000 | 6902011/21.10.16 |
| 10 | പത്മാവതി,<br>W/O തങ്കപ്പൻ, | 13000 | 6902011/21.10.16 |

| | | | |
|---|---|---|---|
| | വയലൂർ, ഷോളയൂർ (ജ) | | |
| 11 | റാണി,<br><br>W/O രാജേന്ദ്രൻ,<br><br>ആനക്കട്ടി,<br><br>ഷോളയൂർ ( ST) | 18000 | 966980/6.10.16 |
| 12 | ലക്ഷ്മി, W/O<br><br>ബാബു,<br><br>ഷോളയൂർ (ST) | 13000 | 966998/18.10.16 |
| | ആകെ | 155000 | |

നിലവിൽ ശൗചാലയം ഉണ്ടെന്നിരിക്കെ ഇവരെ ഒ.ഡി.എഫ്-ൽ ഉൾപ്പെടുത്തി തുക അനുവദിച്ചത് അംഗീകരിക്കുന്നില്ല. ആയതിനാൽ മേൽപറഞ്ഞതുക 155000 രൂപ ടിഗുണഭോക്താക്കളിൽ നിന്നോ തുക നൽകിയ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-2 പദ്ധതി മാർഗ്ഗ രേഖാ നിർദ്ദേശങ്ങൾക്കു വിരുദ്ധമായ നിർവ്വഹണം- 90134 രൂപയുടെ ചെലവു തടസ്സപ്പെടുത്തുന്നു.

1. പ്രൊജ. നം. 137/17

പ്രൊജ. പേര്- വിദ്യാർത്ഥികളുടെ വായനാ പരിപോഷണം.

നിർവ്വഹണോദ്യോഗസ്ഥ- ഹെഡ് മിസ്ട്രസ്സ്, സർക്കാർ അപ്പർപ്രൈമറി വിദ്യാലയം,കോട്ടത്തറ.

അടങ്കൽ - 100000 രൂപ വികസന ഫണ്ട് (ജനറൽ)

ചെലവ് 40134 രൂപ

( ബിൽനം 07/16-17 .തീയ്യതി. 29.3.17 – തുക- 35124

ബിൽ നം. 08/16-17 തീയ്യതി. 29.3.17- തുക- 5010

ആകെ ചെലവ് 40134

മേൽ പറഞ്ഞ പദ്ധതിയുടെ നിർവ്വഹണത്തിന്റെ ഭാഗമായി കോട്ടത്തറ സർക്കാർ സ്കൂളിലേക്ക് പത്രങ്ങളും,ആനുകാലിക പ്രസിദ്ധീകരണങ്ങളും വാങ്ങുന്നതിനാണ് തുക വിനിയോഗിച്ചിരിക്കുന്നത്.

(1) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി സംബന്ധിച്ച പദ്ധതി മാർഗ്ഗരേഖ – സ.ഉ (എം.എസ് )നമ്പർ 4/2016 .ത.സ്വ.ഭ.വ., തിരുവനന്തപുരം , തീയ്യതി. 11.1.2016 – മേഖലകൾക്കുള്ള നിർദ്ദേശങ്ങൾ- നിബന്ധനകൾ ഖണ്ഡിക 11-6. വിദ്യാഭ്യാസം - ഉപഖണ്ഡിക- iii പ്രകാരം വിദ്യാഭ്യാസ ഗുണനിലവാരം വർധിപ്പിക്കുന്നതിനും പഠന നിലവാരം ഉയർത്തുന്നതിനും

വേണ്ടി നിരവധി പദ്ധതികൾ എസ്.എസ്.എ/ ആർ.എം.എസ്.എ നടപ്പിലാക്കി വരുന്നുണ്ട്. അനുപൂരകമായി ഇത്തരം പദ്ധതികൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അത്തരം പരിപാടികൾ എസ്.എസ്.എ/ ആർ.എം.എസ്.എ പ്രൊജക്റ്റിൽ ഉൾപ്പെടുത്തി നടപ്പിലാക്കേണ്ടതാണ്.

(2) അധ്യാപകർക്കും, വിദ്യാർത്ഥികൾക്കും വിതരണം ചെയ്യുന്നതിനുള്ള പുസ്തകങ്ങൾ തയ്യാറാക്കൽ, അച്ചടി, മറ്റു പഠന സാമഗ്രികൾ തയ്യാറാക്കൽ, എന്നിവ വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയിൽ നടന്നു വരുന്ന പ്രവർത്തനങ്ങൾ ആകയാൽ ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനു മുമ്പ് സർക്കാർ അനുമതി വാങ്ങിച്ചിരിക്കണമെന്നും ഉപഖണ്ഡിക V -ൽ നിർദ്ദേശിച്ചിട്ടുണ്ട്.

(3)മേൽ പറഞ്ഞ മാർഗ്ഗരേഖ – അനുബന്ധം -15- തദ്ദേശ സ്ഥാപനങ്ങളുടെ 2016-17 വാർഷിക പദ്ധതി- സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗ രേഖ – ഖണ്ഡിക 2- പൊതു നിബന്ധനകൾ-ഉപഖണ്ഡിക 2 പ്രകാരം ഈ മാർഗ്ഗ രേഖയിൽ പ്രതി പാദിച്ചിട്ടില്ലാത്ത ഏതെങ്കിലും ഇനത്തിന് സബ്സിഡി നൽകുന്നതിന് സർക്കാറിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. മുൻകൂർ അനുമതി ലഭിച്ച ശേഷമേ പ്രൊജക്റ്റ് തയ്യാറാക്കാവൂ എന്ന് പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്.
എന്നാൽ പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായാണ് താഴെ പറയുന്ന പ്രൊജക്റ്റുകൾ നടപ്പിലാക്കിയിട്ടുള്ളത്.
ചെലവിന്റെ വിശദാംശങ്ങൾ താഴെ പറയുന്നു.

| ക്രമനം | ചെലവിനം | ചെലവു തുക | തുക കൈപ്പറ്റിയ വ്യക്തിയുടെ പേര് | ബാങ്കിന്റെ പേരും അക്കൗണ്ട് നമ്പറും |
|---|---|---|---|---|
| 1 | സ്കൂളിലേക്ക് ഇംഗ്ലീഷ് പത്രം വിതരണം ചെയ്തതിന്റെ വില | 2505/- | ശ്രീ S.A ആന്റണി | 1656101000371<br>കനറാ ബാങ്ക്,ആനക്കട്ടി ബ്രാഞ്ച് . |
| 2 | ടി | 2505/- | E. രാമൻകുട്ടി | 02870530000010126<br>സൗത്ത് ഇൻഡ്യൻബാങ്ക്, അഗളി |
| 3 | ടി | 4200/- | ശ്രീ ആർ. ഗണേഷ് | 1656101014284<br>കനറാ ബാങ്ക്,ആനക്കട്ടി ബ്രാഞ്ച് . |
| 4 | ടി | 2390/- | ശ്രീ .ഇ. ശശികുമാർ | 10644412769<br>സൗത്ത് ഇൻഡ്യൻബാങ്ക്, അഗളി |
| 5 | ടി | 18882 | ശ്രീ E. രാമൻകുട്ടി | 02870530000010126<br>സൗത്ത് ഇൻഡ്യൻബാങ്ക്, അഗളി |
| 6 | യുറേക്കാ പ്രസിദ്ധീകരണം വിതരണം ചെയ്തതിന്റെ വില | 2962 | മാനേജിംഗ് ഡയറക്ടർ യുറേക്കാ, കോഴിക്കോട് | 67033514308<br>സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, കോഴിക്കോട്. |
| 7 | ശാസ്ത്രസാഹിത്യ പരിഷത്തിൽ നിന്നും 80 പുസ്തകങ്ങൾ വാങ്ങിയതിന്റെ വില | 6690/- | കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്. | 57018082697<br>സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, കോഴിക്കോട്. |
| | | | | |

| | | | | |
|---|---|---|---|---|
| | ആകെ തുക | 40134/- | | |

II. 1. പ്രൊജ. നം. 134/17

പ്രൊജ. പേര്- പഠന നിലവാരം മെച്ചപ്പെടുത്തൽ

നിർവ്വഹണോദ്യോഗസ്ഥ- ഹെഡ് മിസ്ട്രസ്സ്, സർക്കാർ അപ്പർപ്രൈമറി വിദ്യാലയം, കോട്ടത്തറ.

അടങ്കൽ - 50000രൂപ വികസന ഫണ്ട് (ജനറൽ)

ചെലവ് 50000 രൂപ

( ബിൽനം 01/16-17 .തീയ്യതി. 28.1.17 – തുക- 15000

ബിൽ നം. 02/16-17 തീയ്യതി. 22.2.17- തുക- 20000

ബിൽ നം. 03/16-17 തീയ്യതി. 27.3.17- തുക- 15000

ആകെ ചെലവ് - 50000

ചെലവിന്റെ വിശദാംശങ്ങൾ താഴെ പറയുന്നു.

| ക്രമനം | ചെലവിനം | ചെലവു തുക | തുക കൈപ്പറ്റിയ വ്യക്തിയുടെ പേര് | ബാങ്കിന്റെപേരും അക്കൗണ്ട് നമ്പറും |
|---|---|---|---|---|
| 1 | സ്കൂളുകൾക്ക് വിതരണം ചെയ്യുന്നതിനുള്ള ലാബ് ഉപകരണങ്ങൾ വാങ്ങിയതിന്റെ വില | 20000 | സെന്ട്രൽ സർജിക്കൽസ്, തൃശ്ശൂർ | DD No 0222000437<br>തീ. 31.01.2017 |
| 2 | അധ്യാപകരും ,വിദ്യാർത്ഥികളും ഫീൽഡ് ട്രിപ്പ് നടത്തിയതിന് ചെലവഴിച്ച വണ്ടിവാടക | 5500 | ശ്രീ<br>സത്യ മുരുകേഷ്,<br>TN 66E8325 നമ്പർ വാഹനത്തിന് നൽകിയ തുക<br>( ട്രിപ്പ് ഷീറ്റ് നം 30/ തീയ്യതി . ഇല്ല) | A/CNo. 10644401019<br>SBI അഗളി |
| 3 | റിഫ്രഷ്മെന്റ് ചാർജ്<br>(ഫീൽഡ്ട്രിപ്പ്) | 3500 | ശ്രീ ജയൻ, വഴിയോരം റസ്റ്റോറന്റ്, അഗളി , എന്നയാൾക്ക് നൽകിയ തുക | A/CNo. 20026375461<br>SBI അഗളി |
| 4 | പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വാങ്ങിയ CD യുടെ വില | 6000 | ശ്രീ മോഹൻ വാച്ച് വർക്ക്സ് ഗൂളിക്കടവ് എന്നയാൾക്ക് നൽകിയ തുക | A/CNo 0849256005183<br>കനറാ ബാങ്ക് , അഗളി |
| 5 | സ്കൂളുകൾക്ക് വിതരണം ചെയ്യുന്നതിനു വേണ്ടി 200 കോപ്പി സ്റ്റഡി മെറ്റീരിയൽസ് തയ്യാറാക്കി | 15000 | ശ്രീ സുധാകരൻ എം.വി,ഗോപിക ഹാർഡ് വെയേഴ്സ് ആന്റ് ഫോട്ടോസ്റ്റാറ്റ്, | ചെക്ക്നം.3960181 &<br>890222തീ. 20.01.2017 |

| | | | | |
|---|---|---|---|---|
| | നൽകിയതിന്റെ ചെലവ് | | എന്നയാൾക്ക് നൽകിയ തുക | |
| | ആകെ | 50000 | | |

ഗ്രാമ പഞ്ചായത്ത് 2016-17 സാമ്പത്തിക വർഷം S.S.Aയ്ക്കുവേണ്ടി 1551438 രൂപ പ്രൊജക്ട് നമ്പർ -18/16-17 പ്രകാരം കൈമാറിയിട്ടുള്ള സാഹചര്യത്തിൽ , മാർഗ്ഗ രേഖയിലെ നിർദ്ദേശ പ്രകാരം മേൽ പറഞ്ഞ പ്രവർത്തനങ്ങൾ SSAയിലുൾപ്പെടുത്തി നിർവ്വഹിക്കേണ്ടതായിരുന്നു.

പദ്ധതി മാർഗ്ഗ രേഖാ നിർദേശങ്ങൾക്കു വിരുദ്ധമായി പ്രൊജക്ടുകൾ നടപ്പിലാക്കിയതിനുള്ള വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന്( നമ്പർ 4/15.9.17) മറുപടി നൽകിയില്ല.

ആയതിനാൽ പദ്ധതി മാർഗ്ഗ രേഖയ്ക്കു വിരുദ്ധമായി രണ്ട് പ്രൊജക്ടുകൾക്കുമായി വിനിയോഗിച്ച 90134 രൂപയുടെ(40134+50000) ചെലവുതുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 കൺവീനർ പ്രവൃത്തികൾക്ക് ചെലവിന്റെയും നടപടിക്രമങ്ങളുടെയും രേഖകൾ ഹാജരാക്കിയില്ല

കൺവീനർ പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന സിമന്റ്,കമ്പി.ബിറ്റുമിൻ എന്നിവ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നോ,ഡീലർമാരിൽ നിന്നോ മാത്രമേ വാങ്ങുന്ന പാടുള്ളൂ എന്നും ഇവയുടെ TINനമ്പറോടുകൂടിയ ഒറിജിനൽ ബിൽ ഹാജരാക്കണമെന്നും സംസ്ഥാന ആസൂത്രണ ബോർഡ് 1999 ഡിസംബറിൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃസമിതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്.എന്നാൽ കൺവീനർ പ്രവൃത്തികൾക്ക് തുക അനുവദിക്കുമ്പോൾ സിമന്റ് കമ്പി എന്നിവ വാങ്ങിയതിന്റെ TIN നമ്പർ രേഖപ്പെടുത്തിയ ഒറിജിനൽ ബിൽ ഹാജരാക്കിയിട്ടില്ല.കൂടാതെ കൺവീനറുടെയും ചെയർമാന്റെയും പേരിൽ സംയുക്ത അക്കൌണ്ട് തുടങ്ങിയെങ്കിലും ചെലവുകൾ അക്കൌണ്ടിലൂടെ നിർവ്വഹിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. കൺവീനർ പ്രവൃത്തിക്ക് അവശ്യം വേണ്ട നടപടിക്രമങ്ങൾ പാലിക്കാതെയാണ് പദ്ധതി നിർവ്വഹിച്ചിട്ടുള്ളത്. വിശദവിവരം താഴെ കൊടുക്കുന്നു.

1. പ്രവൃത്തിയുടെ പേര് :വരഗംപാടി ഗോഞ്ചിക്കടവ് റോഡിൽ കൾവർട്ട് നിർമ്മാണം

പ്രൊജക്റ്റ് നം : 207/17 (കേന്ദ്രഫണ്ട്)

അടങ്കൽ : 490000

ചെലവ് : 490000

ബിൽ നം : 839402 തീ.31.3.2017

കൺവീനർ : രാമു s/o നഞ്ചൻ

എഗ്രിമെന്റ് നം : 29/AE/16-17/22.02.2017

എം.ബുക്ക് നം : 30/16-17

| ഇനം | പ്രവൃത്തി | അളവ് | നിരക്ക് | തുക |
|---|---|---|---|---|
| ഇനം 6 | കമ്പി | 1055.78കി | 86.70/കി | 91536 |
| ആകെ | | | | 91536 |

2. പ്രവൃത്തിയുടെ പേര് :ആനക്കട്ടി കംഫർട്ട് സ്റ്റേഷൻ അറ്റകുറ്റപ്പണി

പ്രൊജക്റ്റ് നം : 61/17

അടങ്കൽ : 149890

ചെലവ് : 149313

ബിൽ നം : 1/16-17 തീ.17.12,2016

കൺവീനർ : സുധാകരൻ.എം.വി

എഗ്രിമെന്റ് നം : 106/AE/15-16/25.02.16

എം.ബുക്ക് നം : 65/15-16

| ഇനം | പ്രവൃത്തി | അളവ് | നിരക്ക് | തുക |
| --- | --- | --- | --- | --- |
| ഇനം 2 | ഡോർ ഷട്ടർ | 7എണ്ണം 7.03m3 | 5440/m3 | 38243 |
| ഇനം 3 | പി.വി.സി ഡോർ | 7എണ്ണം | 2700/1 | 18900 |
| ഇനം 7 | 110mm പി.വി.സി പൈപ്പ് | 8m | 319/m | 2552 |
| ഇനം 8 | സിറാമിക് ടൈൽ | 50.92m2 | 930.12m2 | 47362 |
| ഇനം9 | 1:2:4 സിമന്റ് കോൺക്രീറ്റിങ് | 0.84m3 | 6473.53/m3 | 5438 |
| ആകെ | | | | 112495 |

ചെലവു രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ ചെലവു തുക 204031(91536+112495) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

## 3-4 " സമഗ്ര പെയിൻ & പാലിയേറ്റീവ് പരിചരണം" - നോൺ- ട്രാൻസ്പോർട്ട് വാഹനത്തിന് തുക നൽകിയത്- ചെലവ് തടസ്സപ്പെടുത്തുന്നു.

2016-17 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന്റെ പെയിൻ & പാലിയേറ്റീവ് പദ്ധതിയുടെ ഭാഗമായി പരിചരണ പ്രവർത്തനങ്ങൾക്ക് രണ്ട് വാഹനങ്ങളാണ് ഉപയോഗിച്ചിട്ടുള്ളത്. ടി വാഹങ്ങളുടെ രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ പരിശോധിച്ചപ്പോൾ അതിൽ ഒരു വാഹനം, KL- 09-D-7502, നോൺ ട്രാൻസ്പോർട്ട് ഇനത്തിൽപെട്ടതാണെന്ന് മോട്ടോർവാഹന വകുപ്പിന്റെ ബന്ധപ്പെട്ട സൈറ്റിലെ പരിശോധനയിൽ നിന്നും ബോധ്യമായി(KL- 09-D-7502, Non- Transport LMV Motor Car below 1500CC- Owners Name - Thankamani). സ്വകാര്യ വ്യക്തിയുടെ വാഹനം പൊതു ആവശ്യത്തിന് വാടകക്കെടുത്ത് ഉപയോഗിക്കാൻ പാടില്ലെന്നിരിക്കെ ഈ വാഹനം പാലിയേറ്റീവ് പ്രവർത്തനത്തിന് വാടക നൽകി ഉപയോഗിച്ചത് ക്രമപ്രകാരമല്ല.

പ്രൊജക്ട് സംബന്ധിച്ച വിശദാംശങ്ങൾ വാഹനത്തിന്റെ ഉപയോഗം സംബന്ധിച്ച വിശദാംശങ്ങൾ എന്നിവ താഴെ കൊടുക്കുന്നു.

പ്രൊജക്ട് നമ്പർ 184/1

സമഗ്ര പെയിൻ & പാലിയേറ്റീവ് പരിചരണം.

അടങ്കൽ 500000 രൂപ ( വികസന ഫണ്ട് -ജനറൽ)

ചെലവ് 399870 രൂപ-

( ബിൽ നം. 01/16-17 തീ. 26.10.16- തുക 143260/-)

( ബിൽ നം. 02/16-17 തീ. 24.12.16- തുക 91200/-)

( ബിൽ നം. 03/16-17 തീ. 26.04.17- തുക 123364/-)
( ബിൽ നം. 04/16-17 തീ. 08./05.16- തുക 42046/-)

ആകെ - 399870/-

മേൽ പറഞ്ഞ ആകെ ചെലവു തുകയിൽ 97200 രൂപ നോൺ- ട്രാൻസ്പോർട്ട് വാഹനം ഉപയോഗിച്ചതിന് വാടക നൽകിയതാണ്. വിശദാംശങ്ങൽ താഴെ കൊടുക്കുന്നു.
നോൺ- ട്രാൻസ്പോർട്ട് വാഹനം ഉപയോഗിച്ച ആകെ ദിവസങ്ങൾ- 88
നൽകിയ ആകെ തുക- 97200/- ( 87 x1100+ 1x1500)
തീയ്യതി, വൗച്ചർ നമ്പർ, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ

I (ബിൽ നം. 01/16-17 തീ. 26.10.16- തുക 143260/-)

ടി വാഹനത്തിന് നൽകിയ തുക- 38500 രൂപ ( 35 x 1100)

DD NO : 889853/27.10.2016

II.ബിൽ നം. 02/16-17 തീ. 24.12.16- തുക 91200/-)

നൽകിയ തുക- 25700 രൂപ ( 22x 1100 + 1x1500)

DD NO : 890073/ 26.12.2016

III. ബിൽ നം. 03/16-17 തീ. 23.04.17- തുക 123364/-)

നൽകിയ തുക- രൂപ 33000 ( 30x 1100)

( DD നമ്പർ ലഭ്യമല്ല)
ഒട്ടാകെ- 97200/-

മേൽ പറഞ്ഞ പ്രകാരം, നോൺ ട്രാൻസ് പോർട്ട് വാഹനം പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ച നടപടിയിൽ വിശദീകരണമാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 16/19.9.17) മറുപടി സമർപ്പിച്ചില്ല. അനുവദനീയമായ വാഹനം മാത്രം പ്രസ്തുത ആവശ്യത്തിന് ഉപയോഗിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഉണ്ടാകുന്ന നഷ്ടത്തിന് നിർവ്വഹണോദ്യോഗസ്ഥൻ ഉത്തരവാദിയായിരിക്കുന്നതാണ്.

## 3-5 ദേശീയ തൊഴിലുറപ്പ് പദ്ധതി-പ്രവൃത്തി ചെയ്യാത്ത ദിവസത്തെ കൂലി അനുവദിച്ചത് തിരികെ ഈടാക്കിയിട്ടില്ല

ദേശീയ തൊഴിലുറപ്പ പദ്ധതിയിൻകീഴിൽ 2016-17 സാമ്പത്തിക വർഷത്തിൽ KL-06-002-003-010/13 രജിസ്റ്റർ നമ്പറുള്ള തൊഴിൽ കാർഡുടമ ശ്രീമതി. ചന്ദ്രിക , കുറവൻപാടി മേരി എസ്തപ്പാൻ അരുക്കാരൻ സ്ഥലത്ത് ഭൂവികസന പ്രവൃത്തികൾ എന്ന പദ്ധതിയുടെ ഭാഗമായി 29.11.2016, 30.11.2016, 2.12.2016, 3.12.2016, 5.12.2016, 6.12.2016 എന്നീ ദിവസങ്ങളിൽ പ്രവൃത്തി ചെയ്യാതെ പ്രവൃത്തി ചെയ്തതായി മസ്റ്റർ റോളിൽ ഒപ്പ രേഖപ്പെടുത്തി 240 രൂപ നിരക്കിൽ 6 ദിവസത്തേക്ക് 1440 രൂപ കൈപ്പറ്റിയിട്ടുണ്ട്.ഇതു സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടക്കുകയും ശ്രീമതി. ചന്ദ്രിക കുറ്റം സമ്മതിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ കൈപ്പറ്റിയ തുക 18% പലിശ സഹിതം ഈടാക്കിയതായി കാണുന്നില്ല.ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (30/23.9.2017) മറുപടി ലഭ്യമാക്കിയില്ല. തുക ഈടാക്കി തൊഴിലുറപ്പ പദ്ധതി ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 3-6 രേഖകൾഹാജരാക്കിയില്ല- 3077500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഐ.കെ.എം ചെലവുപത്രിക പ്രകാരം വിവിധ ഉദ്യോഗസ്ഥർ നിർവ്വഹിച്ച താഴെ കൊടുക്കുന്ന പ്രൊജക്ടുകളുടെ രേഖകൾ ഹാജരാക്കാത്തതിനാൽ 30,77,500.00 രൂപ (താഴെ പറയും പ്രകാരമുള്ളത്) തടസ്സപ്പെടുത്തുന്നു.

| ക്രമനം | പ്രൊജ.നമ്പറും, പേരും | പിൻവലിച്ച തുക,ട്രഷറി ബിൽ നം തീയ്യതി | കൈപ്പറ്റിയ വ്യക്തിയുടെ പേര് | പരിശോധനയ്ക്ക് ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | 122/17- HR (SCP) | (1)ബിൽനം 01/17 10.3.17- 12500 (2)10/17/ 22.3.17 12500 | (1)ചിന്നപൊന്നൻ- 12500 (ബാക്കിവിശദാംശങ്ങൾ ലഭ്യമല്ല) (2)മഹാമയി W/Oപഴനി-സ്വാമി, ഷോളയൂർ | അപേക്ഷയും, സബ്സിഡി മാർഗ്ഗരേഖപ്രകാരം ധനസഹായത്തിനുള്ള അർഹത തെളിയിക്കുന്ന രേഖകളും, വീടിന്റെഫോട്ടോ ഉൾപ്പടെ) (2)മുൻവർഷങ്ങളിൽ ഈയിനത്തിൽ ധനസഹായം ലഭിച്ചിട്ടില്ലെന്ന സെക്രട്ടറിയുടെ സാക്ഷ്യപത്രം |
| 2 | 125/17 കുടുംബശ്രീക്ക് റിവോൾവിംഗ് ഫണ്ട് | ബിൽ നം. 3/17 തീ. 10.3.17 തുക- 780000 | ചെയർപേഴ്സൺ,കുടുംബശ്രീ, ഷോളയൂർ പഞ്ചായത്ത് | (1)തുകനിക്ഷേപിച്ച ബാങ്ക്പാസ്സ് ബുക്ക് (2)തുക വിതരണം, വിനിയോഗം എന്നിവ സംബന്ധിച്ച മുഴുവൻ രേഖകളും |
| 3 | 256/17 IAY- അധിക വിഹിതം (SCP) | ബിൽ നം. 7/17 തീ. 18.3.17 തുക- 150000 | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, അട്ടപ്പാടി | തുക കൈമാറിയത് സംബന്ധിച്ച രേഖകൾ (2)ഗുണഭോക്താക്കളുടെ ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റ് (3)മുൻവർഷങ്ങളിൽ ഈയിനത്തിൽ ധനസഹായം ലഭിച്ചിട്ടില്ലെന്ന സെക്രട്ടറിയുടെ സാക്ഷ്യപത്രം |

| | | | | |
|---|---|---|---|---|
| | | | | (4)വിനിയോഗ<br>സാക്ഷ്യ പത്രം |
| 4 | 257/17<br>IAY- അധിക വിഹിതം (TCP) | ബിൽ നം. 8/17<br>തീ. 18.3.17<br>തുക- 662500 | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, അട്ടപ്പാടി | (1)തുക കൈമാറിയത് സംബന്ധിച്ച രേഖകൾ<br>(2)ഗുണഭോക്താക്കളുടെ ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റ്<br>(3)വിനിയോഗ<br>സാക്ഷ്യ പത്രം |
| 5 | 121/17<br>ഭവന നിർമാണ പദ്ധതി (SCP)<br>2015-16 spill Over | (1)ബിൽ നം.9/17<br>തീ. 3.3.17<br>- തുക – 30000<br>(2) 16/17<br>തീ. 29.3.17<br>തുക- 30000 | (1)വാസുനാഗൻ<br>(ബാക്കി വിശദാംശങ്ങൾ ലഭ്യമല്ല)<br>(2)ഇന്ദ്രാണിമരുതാചലം<br>(ബാക്കി<br>വിശദാംശങ്ങൾ ലഭ്യമല്ല) | (1)അപേക്ഷയും, സബ്സിഡി മാർഗ്ഗരേഖപ്രകാരം ധനസഹായത്തിനുള്ള അർഹത തെളിയി ക്കുന്നരേഖകളും, വീടിന്റെഫോട്ടോ ഉൾപ്പടെ)<br>2)മുൻവർഷങ്ങളിൽ ഈയിനത്തിൽ ധനസഹായം ലഭിച്ചിട്ടില്ലെന്ന സെക്രട്ടറിയുടെ സാക്ഷ്യപത്രം |
| 6 | 118/17<br>ആശ്രയ ഭവനം | ബിൽനം 14/17തീ.30.3.17<br>തുക- 475000 | (1)ചാത്ത,ചെള്ളിമൂപ്പൻ- 50000<br>(2)മരുതി, തെക്കേക്കര<br>50000<br>(3)ലക്ഷ്മിW/O രേശൻ<br>50000<br>(4) രങ്കി W/O സൂനൻ<br>50000<br>(5)മൂളിW/O കൊറുയൻ<br>50000<br>(6) മല്ലമൂപ്പൻ<br>50000<br>(7)രങ്കൻ പെരുമാൾ<br>50000 | (1)അപേക്ഷയും, സബ്സിഡി മാർഗ്ഗരേഖപ്രകാരം ധനസഹായത്തിനുള്ള അർഹത തെളിയി ക്കുന്നരേഖകളും, വീടിന്റെഫോട്ടോ ഉൾപ്പടെ)<br>2)മുൻവർഷങ്ങളിൽ ഈയിനത്തിൽ ധനസഹായം ലഭിച്ചിട്ടില്ലെന്ന സെക്രട്ടറിയുടെ സാക്ഷ്യപത്രം |

| | | | | |
|---|---|---|---|---|
| | | | (8)സെൽവി<br>W/O വെള്ളിങ്കിരി<br>50000<br>(9)സതിw/O മരുതൻ<br>50000 | |
| 7 | 120/17ഭവന നിർമാണം<br>(SCP-14-15) | ബിൽനം.14/17<br>തീ. 30.3.17<br>തുക – 70000 | മണി, ആറുച്ചാമി-20000<br>(ബാക്കി വിശദാംശങ്ങൾ ലഭ്യമല്ല<br>ബാക്കിതുക 50000 രൂപ അധികം പിൻവലിച്ച തുകയായതിനാൽ കനറാ ബാങ്കിന്റെ ആനക്കട്ടിശാഖയിൽ തിരിച്ചടച്ചെന്ന്ക്യാഷ് ബുക്കിൽ രേഖപ്പെടു ത്തിയിട്ടുണ്ട് | (1)അപേക്ഷയും സബ്സിഡി മാർഗ്ഗരേഖപ്രകാരം ധനസഹായത്തിനുള്ള അർഹതതെളിയിക്കുന്ന രേഖകളും , വീടിന്റെ ഫോട്ടോ ഉൾപ്പടെ)<br>2)മുൻ വർഷങ്ങളിൽ ഈയിനത്തിൽ ധനസഹായം ലഭിച്ചിട്ടില്ലെന്ന സെക്രട്ടറിയുടെ സാക്ഷ്യപത്രം<br>(3) ബാക്കി തുക 50000 രൂപ വികസന ഫണ്ടിൽ തിരികെ ഒടുക്കിയ തിന്റെ<br>മുഴവൻ രേഖകളും |
| 8 | 124/17<br>ഭവനം പുനരുദ്ധാരണം ( TSP-2015-16) | ബിൽ നം 17/17<br>തീ.29.3.17<br>തുക- 45000 | (1)ചെള്ളി W/Oപൊന്നു മൂപ്പൻ-15000<br>(2)ലക്ഷ്മിw/O ഗോശൻ-15000<br>(3)മരുതിw/O ചെന്നയ്യ<br>-15000 | (1)അപേക്ഷയും സബ്സിഡി മാർഗ്ഗരേഖപ്രകാരം ധനസഹായ ത്തിനുള്ള അർഹത തെളിയിക്കുന്ന രേഖകളും , വീടിന്റെഫോട്ടോ ഉൾപ്പടെ)<br>2)മുൻവർഷങ്ങളിൽ ഈയിനത്തിൽ ധനസഹായം ലഭിച്ചിട്ടില്ലെന്ന സെക്രട്ടറിയുടെ സാക്ഷ്യപത്രം |
| 9 | 129/17 | ബിൽ നം.18/17<br>തീ.30.3.17 | സെക്രട്ടറി,<br>ബ്ലോക്ക് പഞ്ചായത്ത്,<br>അട്ടപ്പാടി | (1)തുക കൈമാറിയത് സംബന്ധിച്ച രേഖകൾ |

| | | | | |
|---|---|---|---|---|
| | IAY- ഗ്രാമ പഞ്ചായത്ത് വിഹിതം | തുക- 160000 | | (2)ഗുണഭോക്താക്കളുടെഗ്രാമസഭ അംഗീകരിച്ച ലിസ്റ്റ് (3)മുൻവർഷങ്ങളിൽ ഈയിനത്തിൽ ധനസഹായം ലഭിച്ചിട്ടില്ലെന്ന സെക്രട്ടറിയുടെ സാക്ഷ്യപത്രം (4)വിനിയോഗ സാക്ഷ്യ പത്രം |
| 10 | 133/17 IAY ഗ്രാമ പഞ്ചായത്ത് വിഹിതം | ബിൽ നം.19/17 തീ.30.3.17 തുക- 650000 | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, അട്ടപ്പാടി | (1)തുക കൈമാറിയത് സംബന്ധിച്ച രേഖകൾ 2)മുൻവർഷങ്ങളിൽ ഈയിനത്തിൽ ധനസഹായം ലഭിച്ചിട്ടില്ലെന്ന സെക്രട്ടറിയുടെ സാക്ഷ്യപത്രം (3)ഗുണഭോക്താക്കളുടെ ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റ് (4)വിനിയോഗ സാക്ഷ്യ പത്രം |
| | | | ആകെ | 3077500 രൂപ |

മേൽ പറഞ്ഞ പ്രൊജക്ടുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 23/20-09-2017) മറുപടി നൽകുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തില്ല. ആയതിനാൽ ടി രേഖകൾ ഹാജരാക്കുന്നതിനു വിധേയമായി ഈയിനത്തിലെ 3077500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 വൈദ്യുത ബോർഡുമായി കരാർ ചമക്കാതെ തുക ഡെപ്പോസിറ്റ് ചെയ്തു

'തെരുവു വിളക്ക് ലൈൻ വലിക്കലും മീറ്റർ സ്ഥാപിക്കലും"എന്ന പ്രോജക്റ്റിന്റെ നിർവ്വഹണത്തിനായി 2016-17 സാമ്പത്തിക വർഷം 17 ലക്ഷം രൂപ കോട്ടത്തറ കെ.എസ്.ഇ.ബിയുടെ അക്കൌണ്ടിലേക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ഇതേ പദ്ധതിക്ക് വേണ്ടി 2015-16 സാമ്പത്തിക വർഷത്തിൽ 400000 രൂപ വകയിരുത്തിയതിൽ 399927 രൂപ കെ.എസ്.ഇ.ബി ക്ക് നൽകിയിരുന്നു. എന്നാൽ ഇതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ,മോണിറ്ററിംഗ് / പുരോഗതി റിപ്പോർട്ട്, എന്നിവ ലഭ്യമാക്കാതെയാണ് വീണ്ടും 2016-17 സാമ്പത്തിക വർഷത്തിൽ പ്രൊജക്റ്റ് ആവിഷ്ക്കരിച്ച് 17 ലക്ഷം രൂപ നൽകിയിരിക്കുന്നത്. ഇപ്രകാരം തുക നൽകിയതിന് വിശദമായ എസ്റ്റിമേറ്റ് ലഭ്യമാക്കുകയോ കെ.എസ്.ഇ.ബി യുമായി കരാർ ചമയ്ക്കുകയോ ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ 13/19.9.2017 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി ധനവിനിയോഗ സാക്ഷ്യപത്രവും മോണിറ്ററിങ് റിപ്പോർട്ടും

ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. രേഖകൾ ലഭ്യമാക്കും വരെ 2016-17 സാമ്പത്തിക വർഷം ചെലവഴിച്ച തുക 1700000/-രൂപ തടസ്സത്തിൽ വയ്ക്കുന്നു. എസ്റ്റിമേറ്റ് ഇല്ലാതെയും കരാർ ചമയ്ക്കാതെയും തുക ഡെപ്പോസിറ്റ് ചെയ്യത് ക്രമപ്രകാരമല്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-8 ഇ എം എസ് വായ്പാ തിരിച്ചടവ്-തനത്ഫണ്ടിലെ തുക തിരിച്ചടയ്ക്കണം.

പ്രോജക്ട് നമ്പർ - 06/17

ഇ എം എസ് ഭവന പദ്ധതിയുടെ ഭാഗമായുള്ള വായ്പാതുക തിരിച്ചടയ്ക്കുന്നതിന് 2016-17സാമ്പത്തിക വർഷത്തിൽ പദ്ധതിവിഹിതവും ധനകാര്യകമ്മീഷൻ ഗ്രാന്റും കൂടി 1401203 രൂപ വകയിരുത്തുകയും പിൻവലിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ തൻവർഷം 1285577 രൂപാ മാത്രമേ ലോണിനത്തിൽ ബാങ്കിലേക്ക് അടച്ചിട്ടുള്ളൂ. അവശേഷിക്കുന്ന തുക 115626 രൂപ സെക്രട്ടറിയുടെ 24.3.2017 തീയ്യതിയിലെ എ1-998/2017നമ്പർ നടപടിയിലൂടെ ബിൽ നമ്പർ 37/16-17 തീയതി 29.3.2017 പ്രകാരം മാറി തനതു ഫണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. ആയത് ക്രമപ്രകാരമല്ല.115626/-രൂപ എത്രയും വേഗത്തിൽ ലോൺ അക്കൌണ്ടിലേക്ക് അടയ്ക്കേണ്ടതാണ്.

## 3-9 സമ്പൂർണ്ണ ഗ്രാമീണ വൈദ്യുതീകരണം ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

സമ്പൂർണ്ണ ഗ്രാമീണ വൈദ്യുതീകരണംഎന്ന പ്രോജക്റ്റിന്റെ പ്രോജക്ട് നമ്പർ 265/17 നിർവ്വഹണത്തിനായി 10 ലക്ഷം രൂപാ കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റായി നൽകിയിട്ടുണ്ട്.(ബിൽനം.21/16-17Dt.29.3.2017) മേൽപ്പറഞ്ഞ തുകകളുടെ ചെലവിന്മേൽ ധനവിനിയോഗ സാക്ഷ്യപത്രവും മോണിട്ടറിംഗ് റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല.ഇവയുടെ ധനവിനിയോഗ രേഖകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 സർക്കാർ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - ഹോംകോയിൽ നിന്നും മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രൊജക്ട് സംബന്ധിച്ച വിശദാംശങ്ങൾ

പ്രൊജക്ട് നമ്പർ 141/17

പ്രൊജക്ടിന്റെ പേര് സർക്കാർ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

നിർവ്വഹണോദ്യോഗസ്ഥൻ -മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പെൻസറി

അടങ്കൽ 50000 ( റോഡിതര സംരക്ഷണ ഗ്രാന്റ് )

ചെലവ് 50000 രൂപ (ബിൽ നം. 01/16-17 തീ. 1.12.16 തുക -50000 രൂപ)

ഷോളയൂർ പഞ്ചായത്ത് നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിനു വേണ്ടി മേൽ പറഞ്ഞ പ്രകാരം 50000 രൂപ പിൻവലിച്ച് ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. ( DDNo.889958/21.11.2016) മരുന്ന് വാങ്ങുന്നതിനു മുമ്പ് പദ്ധതി നിർദ്ദേശ പ്രകാരമുള്ള NAC ലഭ്യമാക്കിയിട്ടില്ല.മാത്രമല്ല, ഹോംകോയിൽ നിന്നും മരുന്നും നാളിതുവരെ ലഭിച്ചിട്ടില്ല. ആയതിനാൽ മരുന്നിന് പ്രൊജക്ട് തയ്യാറാക്കുന്നതിനു മുമ്പ് ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും NAC ലഭ്യമാക്കേണ്ടതും ഹോംകോയിൽ നിന്ന് മുഴുവൻ മരുന്നുകളും ലഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-11 സ്കൂൾ വിദ്യാർത്ഥിനികൾക്ക് സാനിട്ടറി നാപ്കിൻ വിതരണം-ഷീപാഡ് പദ്ധതി

2016-17 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവഹണം നടത്തിയ ടി. പദ്ധതിയിൽ 35227 രൂപാ ഡെപ്പോസിറ്റായി കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന് നൽകിയിട്ടുണ്ട്. ആയതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം, മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നില്ല.(പ്രോജക്ട് നമ്പർ

201/17,ബിൽനം.13/16-17/27.1.17)അന്വേഷണത്തിൽ ടിപ്രോജക്റ്റ് നടപ്പാക്കിയിട്ടില്ല എന്ന് അറിയുവാൻകഴിഞ്ഞു. ടി തുക എത്രയും വേഗത്തിൽ വനിതാ വികസന കോർപ്പറേഷനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-12 കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ സ്ഥാപിക്കുന്നതിന് അനുവദിക്കുന്ന നിരക്ക് - ഡാറ്റ ലഭ്യമാക്കിയിട്ടില്ല

പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ തൻവർഷം നടപ്പിലാക്കിയ വെള്ളക്കുളം കുടിവെള്ളപദ്ധതി, (പ്രൊ.നം. 245/17) മിനർവ കുടിവെള്ളപദ്ധതി (പ്രൊജക്റ്റ് നം : 242/17) എന്നീ പദ്ധതികൾക്കായി യഥാക്രമം 5HP,2HP മോട്ടോറുകൾ സ്ഥാപിക്കുന്നതിന് 16453 രൂപ/HP,17600രൂപ/HP നിരക്കുകൾ അനുവദിച്ചിട്ടുണ്ട്. സ്ഥാപിച്ച മോട്ടോറിന്റെയും അനുബന്ധ സാമഗ്രികളുടെയും ബില്ലുകൾ ഹാജരാക്കിയിട്ടില്ല.

കുഴൽകിണറിലെ ജലലഭ്യതാ ടെസ്റ്റ് ( യീൽഡ് ടെസ്റ്റ്) നടത്തി മോട്ടോർ സ്ഥാപിക്കേണ്ട ആഴം കണക്കിലെടുത്ത് അതിനനുസൃതമായ സ്റ്റേജുള്ള മോട്ടോറാണ് സ്ഥാപിക്കേണ്ടത്. സ്റ്റേജിനനുസരിച്ച് മോട്ടോറിന്റെ കുതിരശക്തിയിലും വിലയിലും വിലയിൽ വ്യക്തമായ വ്യത്യാസം ഉള്ളതിനാൽ ആവശ്യമായ മോട്ടോറിന്റെയും അനുബന്ധ സാമഗ്രികളുടെയും വില പരിഗണിച്ചുകൊണ്ട് ഡാറ്റ തയ്യാറാക്കി മാത്രമേ കരാറുകാർക്ക് തുക അനുവദിക്കാൻ പാടുള്ളൂ എന്നിരിക്കെ എല്ലാ കുടിവെള്ള പദ്ധതികളിലും സബ്മേഴ്സിബിൾ മോട്ടോറും അനുബന്ധ സാമഗ്രികളും സ്ഥാപിക്കാൻ മേൽ നിരക്ക്അനുവദിക്കുന്നത് അംഗീകരിക്കാവുന്നതല്ല.ഇത്തരം അപാകങ്ങൾ ആവർത്തിക്കുന്ന പക്ഷം ഉണ്ടാകുന്ന നഷ്ടം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്.

## 3-13 സമ്പൂർണ്ണ ഗാർഹിക ശൗചാലയം- പണി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾ- പൂർത്തീകരിപ്പിക്കാൻ നടപടി സ്വീകരിക്കണം.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ( കത്തലക്കണ്ടി, ഷോളയൂർ സർക്കിളുകൾ) നിർവ്വഹണം നടത്തിയ സമ്പൂർണ്ണ ഗാർഹിക ശൗചാലയം പദ്ധതി പ്രകാരം ധനസഹായത്തിന് തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളിൽ താഴെ പറയുന്ന 27 പേർ പണി പൂർത്തീകരിച്ചിട്ടില്ല. പ്രൊജക്റ്റ് സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.
പദ്ധതി അടങ്കൽ-

പൊതു വിഭാഗം- 2200000+ 3200000 + 4283400 = 9683400

SCP-939400+ 52000 = 991400

TSP 16832200 + 8800000 25632200

ആകെ-36307000 രൂപ
ചെലവ്- 36775000
ആകെ ഗുണഭോക്താക്കളുടെ എണ്ണം- 1038

| ക്രമനം | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ ധനസഹായം | ബാക്കി തുക |
|---|---|---|---|
| 1 | റാണിW/Oരാജേന്ദ്രൻ, ആനക്കട്ടി | 18000 | 7400 |
| 2 | നാഗമ്മW/Oനഞ്ചപ്പൻ, ആനക്കട്ടി | 13000 | 12400 |
| 3 | വള്ളിയമ്മ w/O മദ്ദലൈ, ആനക്കട്ടി | 13000 | 12400 |
| 4 | പത്മ W/O ശെൽവൻ, ആനക്കട്ടി | 13000 | 12400 |
| 5 | ലക്ഷ്മി W/O ഉണ്ണികൃഷ്ണൻ, നല്ല | 10000 | 15400 |

| | | | |
|---|---|---|---|
| | ശിങ്ക | | |
| 6 | പാപ്പ, W/O രങ്കൻ, കടമ്പാറ | 5000 | 20400 |
| 7 | പഴനിസ്വാമി, W/O ചിന്നൻ, വടക്കേ കടമ്പാറ | 15400 | 10000 |
| 8 | കൃഷ്ണൻ S/O വെള്ളിങ്കിരി, നല്ലശിങ്ക | 5000 | 20400 |
| 9 | മരുതി S/O ദ്വര, വെള്ളക്കുളം | 13000 | 12400 |
| 10 | വെള്ളിങ്കിരി,S/Oനഞ്ചൻ, വെച്ചപ്പതി | 10000 | 15400 |
| 11 | പാപ്പ,W/Oമരുതൻ , വെള്ളക്കുളം | 10000 | 15400 |
| 12 | രാമി. W/O രാമൻ, വെള്ളക്കുളം | 10000 | 15400 |
| 13 | പ്രേമ W/O വെങ്കടേശൻ, വെള്ളക്കുളം | 10000 | 15400 |
| 14 | ജാനകി W/Oശിവൻ, കത്താളക്കണ്ടി | 10400 | 15000 |
| 15 | തുളസി, W/O മരുതൻ, വെള്ളക്കുളം | 10000 | 15400 |
| 16 | രാജേശ്വരി, W/O രങ്കൻ, വെച്ചപ്പതി | 13000 | 12400 |
| 17 | പാപ്പ, W/O മുരുകൻ, വെള്ളകുളം | 13000 | 12400 |
| 18 | ശിവ W/O പഴനി സ്വാമി, വെള്ളകുളം | 13000 | 12400 |
| 19 | പാപ്പ, W/O ശെൽവൻ, വെള്ളകുളം | 13000 | 12400 |
| 20 | നഞ്ചൻ , S/O ആണ്ടി, വെള്ളകുളം | 10000 | 15400 |
| 21 | നഞ്ചൻ S/O വെള്ളിങ്കിരി, വെള്ളകുളം | 10000 | 15400 |
| 22 | ലക്ഷ്മി, W/O ബാബു, ഷോളയൂർ | 13000 | 12400 |
| 23 | പങ്കജം,W/O രാമചന്ദ്രൻ,ഷോളയൂർ | 13000 | 12400 |
| 24 | സുരേഷ് കുമാർ, S/O രാമചന്ദ്രൻ, ഷോളയൂർ | 13000 | 12400 |
| 25 | ബർമ്മ, S/O രാമൻ, മരുതൻചാള | 13000 | 12400 |
| 26 | ലക്ഷ്മി, W/O ശിവൻ, പെട്ടിക്കൽ | 8000 | 7400 |
| 27 | കുഞ്ഞമ്മ W/O | 5000 | 20400 |

| | സുബ്രഹ്മണ്യൻ, വെച്ചപതി | | |
|---|---|---|---|

ഈ ഗുണഭോക്താക്കളെക്കൊണ്ട് പണിപൂർത്തീകരിപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം കൈപ്പറ്റിയ തുക 12 ശതമാനം പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

## 3-14 കൈമാറ്റം ചെയ്യാത്ത കുടിവെള്ള പദ്ധതികളുടെ ഇലക്ട്രിസിറ്റി ചാർജ്ജ് കുടിശ്ശിക- തുക തടസ്സപ്പെടുത്തുന്നു.

2016-17 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ വിവിധ കുടിവെള്ള പദ്ധതികളുടെ ഇലക്ട്രിസിറ്റി ചാർജ്ജ് കുടിശ്ശിക 2487675/-രൂപ സേവന മേഖലയിൽ ടി എസ് പി ഫണ്ട് ഉപയോഗിച്ച് അടവാക്കിയിട്ടുണ്ട്. ഇലക്ട്രിസിറ്റി ബോർഡ് കോട്ടത്തറയുടെ 28.12.2016ലെ കത്ത് പ്രകാരം കൺസ്യൂമർ നം.6977ആയ കള്ളക്കര കുടി വെള്ളപ്രോജക്ടിന് 22.9.2016ന് ശേഷം നാളിതുവരെ കറണ്ട് ചാർജ്ജ് ഒന്നും തന്നെ അടവാക്കിയിട്ടില്ല എന്നും 1643106/-രൂപ കുടിശ്ശിക ഇനത്തിൽ 15-1-2017ന് മുൻപായി അടച്ചിട്ടില്ലെങ്കിൽ കണക്ഷൻ വിച്ഛേദിക്കുമെന്നുമുള്ള കത്തിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് തയ്യാറാക്കി 2487675/- രൂപ കോട്ടത്തറ ഇലക്ട്രിക്കൽ സെക്ഷനിൽ അടക്കുകയാണുണ്ടായത്. ഇതോടൊപ്പം മറ്റ് രണ്ട് കുടിവെള്ള പ്രോജക്ടുകളുടെ കുടിശ്ശിക കൂടി അടച്ചു. എന്നാൽ ഇവയുടെ കൃത്യത പരിശോധിക്കാനാവശ്യമായ ഇലക്ട്രിസിറ്റി ഡിമാന്റ് ബിൽ ലഭ്യമാക്കിയിട്ടില്ല.

ബിൽ തുക നല്കിയ വിവരം:-(ചെക്ക് നം.603880/8-3-2017)

| പേര് | കൺസ്യൂമർ നം. | കാലയളവ് | ചാർജ്ജ് | സർച്ചാർജ്ജ് | ആകെ |
|---|---|---|---|---|---|
| കള്ളക്കര പ്രോജക്ട് | 6977 | 5/15to1/17 | 1698576/- | 294974/- | 1993550/- |
| ദാസനൂർ | 6995 | 5/15to1/17 | 71661/- | 10376/- | 82020 |
| മട്ടത്തുകാട് | 2436 | 3/15to1/17 | 353316/- | 58709/- | 412105/- |
| | - | - | 2123553/- | 364122/- | 2487675/- |

മേൽപ്പറഞ്ഞ കുടിവെള്ള പദ്ധതികളെല്ലാംതന്നെ ജലനിധി പരിപാലനം ചെയ്ത് നടത്തി വരുന്നതാണ്. ടി പദ്ധതികൾ പഞ്ചായത്തിന് തിരികെ നല്കുകയും ജലനിധിയുടെ പ്രവർത്തനം നിർത്തലാക്കുകയും ചെയ്തതിന്റെ വിവരങ്ങൾ വ്യക്തമാക്കുന്ന രേഖകളും ജലനിധിയുടെ കൈവശമുള്ള വെള്ളക്കരം തുക പഞ്ചായത്തിന് കൈമാറിയ രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ജലനിധി പരിപാലനം ചെയ്ത് നടത്തി വരുന്ന കാലയളവിലെ അരിയർ കൂടി പഞ്ചായത്ത് മേല്പ്പറഞ്ഞപ്രകാരം അടവാക്കിയിട്ടുണ്ട്. വിവധ കുടിവെള്ള പദ്ധതികളുടെ വെള്ളക്കരം 9/2016 മുതൽ പഞ്ചായത്തിൽ അടവാക്കുവാൻ തുടങ്ങിയിട്ടുണ്ട്. പ്രസ്തുത കമ്മറ്റികളുടെ ബെനിഫിഷ്യറി ഗ്രൂപ്പിന്റെ നിലവിലെ അവസ്ഥ, വിശദവിവരങ്ങൾ എന്നിവ രേഖാമൂലം ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന് രേഖാമൂലം കൈമാറിയിട്ടില്ലാത്തതും ഇലക്ട്രിസിറ്റി ആക്റ്റ് ഖണ്ഡിക 56 പ്രകാരമുള്ള ഡിമാന്റ് & ഡിസ്കണക്ഷൻ നോട്ടീസ്

ലഭ്യമാക്കാതെയും ചെലവഴിച്ച 2487675/-രൂപ ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ തടസ്സപ്പെടുത്തുന്നതോടൊപ്പം വിശദമായ അന്വേഷണത്തിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 12520000 | സമ്പൂർണ്ണ ഗാർഹിക ശൌചാലയം | 12520000 | 0 |

### 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | തുക | ചെല വഴിച്ച തുക | പൂർത്തീ കരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| കെ. എസ്.ഇ.ബി | കുറവൻപടി വൈദ്യുത ലൈൻ നീട്ടൽ<br>പ്രൊ. 255/17 | 15/16-17<br>25.2.2017 | 199020 | 199020 | പൂർത്തീ കരിച്ച | 0 |
| കെ. എസ്.ഇ.ബി | തെരുവു വിളക്ക് ലൈൻ വലിക്കലും മീറ്റർ സ്ഥാപിക്കലും<br>264/17 | 20/16-17<br>25.3.2017 | 1700000 | 0 | പൂർത്തീ കരിച്ചില്ല | 1700000 |
| കെ. എസ്.ഇ.ബി | സമ്പൂർണ്ണ ഗ്രാമീണ വൈദ്യുതീകരണം<br>265/17 | 21/16-17<br>25.3.2017 | 1000000 | 0 | പൂർത്തീ കരിച്ചില്ല | 1000000 |
| കെ.എസ്.ഡബ്ള്യ. ഡി.സി | സ്കൂൾ വിദ്യാർ-ത്ഥിനികൾക്ക് സാനിറ്ററി നാപ്കിൻ വിതരണം<br>201/17 | 13/16-17<br>24.1.2017 | 35227 | 0 | പൂർത്തീ കരിച്ചില്ല | 35227 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഒന്നുമില്ല

## 4-4 (i)വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം

ഒന്നുമില്ല

(ii) വായ്പ തിരിച്ചടവിന്റെ വിവരം.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഇ.എം.എസ്. ഭവനം | GO.2095/10/L.S.G.D/24.6.2010 | 31042500 | 9982907 | 1285577 | | 8697330 |

തിരിച്ചടവിന്റെ വിശദവിവരങ്ങൾ

| ബിൽ നമ്പർ/തീയതി | തുക |
|---|---|
| 2/2016-17/2.9.2016 | 10,00,000.00 |
| 6/2016-17/27.9.2016 | 1,60,477.00 |
| 16/2016-17/16.2.2017 | 1,25,100.00 |
| 25.2.2017 | 1,25,100.00 |
| 18/2016-17/29.3.2017 | 1,15,626.00 * |

* ടി തുക പിൻവലിച്ചത് അടവാക്കിയിട്ടില്ല. ഖണ്ഡിക 3-8 കാണുക.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

## 4-6 ഓഡിറ്റ് റിക്കവറി

ഒന്നുമില്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2015-16 സ്പെഷ്യൽ റിപ്പോർട്ട് | 2015-16 | പട്ടികജാതി-പട്ടിക വർഗ്ഗ മേഖലയിലെ പദ്ധതികളുടെ പ്രത്യേക അവലോകനം | സമിതിയുടെ പരിഗണനയിലാണ് |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 101498137.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 90948732.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 1961 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 156440 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7559340 |

<u>ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-1 | 700 | ചന്ദ്രലാൽ.വി.സി, സെക്രട്ടറി |
| 2-2 | 900 | ചന്ദ്രലാൽ.വി.സി, സെക്രട്ടറി |
| 2-6 | 361 | ചന്ദ്രലാൽ.വി.സി, സെക്രട്ടറി |
| 3-1 | 155000 | ശരവണൻ.എം വി.ഇ.ഒ |
| 3-5 | 1440 | സുധർലാൽ.എൻ.എസ് അസി.സെക്രട്ടറി |
| ആകെ | 158401 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 90134 | അംബിക.ടി ഹെഡ് മിസ്ട്രസ് |
| 3-3 | 204031 | ബാബു.ബി.എം അസി.എഞ്ചിനീയർ |
| | | [illegible] |

| | | |
|---|---|---|
| 3-6 | 3077500 | വിനോദ് കുമാർ.കെ.പി<br><br>അസി.സെക്രട്ടറി<br><br>സുധർലാൽ.എൻ<br><br>അസി.സെക്രട്ടറി |
| 3-7 | 1700000 | ചന്ദ്രലാൽ.വി.സി,<br><br>സെക്രട്ടറി |
| 3-14 | 2487675 | ചന്ദ്രലാൽ.വി.സി,<br><br>സെക്രട്ടറി |
| ആകെ | 7559340 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഒന്നുമില്ല.

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

3-14

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം

മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ചന്ദ്രലാൽ.വി.സി,<br><br>സെക്രട്ടറി | സെക്രട്ടറി<br><br>ചെങ്കൽ ഗ്രാമപഞ്ചായത്ത്<br><br>തിരുവനന്തപുരം. | നാരായണീയം<br><br>6/1282<br><br>മണ്ണാർകുഴി,ചൌവല്ലൂർ<br><br>പുളിയാറക്കോണം പോസ്റ്റ്<br><br>തിരുവനന്തപുരം |
| ശരവണൻ.എം<br><br>വി.ഇ.ഒ | വി.ഇ.ഒ<br><br>പുതൂർ ഗ്രാമപഞ്ചായത്ത്<br><br>പാലക്കാട് | മേലേമുള്ളി വീട്<br><br>ചാവടിയൂർ പോസ്റ്റ്<br><br>പുതൂർ, പാലക്കാട്. |
| സുധർലാൽ.എൻ.എസ്<br><br>അസി.സെക്രട്ടറി | അസി.സെക്രട്ടറി<br><br>ഇടത്തല ഗ്രാമപഞ്ചായത്ത്<br><br>എറണാകുളം. | നികത്തിൽ.വീട്,<br><br>കുറിച്ചിലക്കോട്,<br><br>കോടനാട്,<br>പെരുമ്പാവൂർ |

| | | |
|---|---|---|
| | | എറണാകുളം. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1995-96 | എൽഎഫ്.പി(13)1768/08/13.5.10 | മുഴുവൻ | |
| 1996-97 | എൽ.എഫ്.പി13)1769/08/13.5.10 | മുഴുവൻ | |
| 1997-98 | എൽ.എഫ്.പി13)1770/08/13.5.10 | മുഴുവൻ | |
| 1998-99 | എൽ.എഫ്.പി13)1771/08/13.5.10 | മുഴുവൻ | |
| 1999-00 | എൽ.എഫ്.പി13)1772/08/13.5.10 | മുഴുവൻ | |
| 2000-01 | എൽ.എഫ്.പി13)1773/08/13.5.10 | മുഴുവൻ | |
| 2001-02 | എൽ.എഫ്.പി13)1774/08/13.5.10 | മുഴുവൻ | |
| 2002-03 | എൽ.എഫ്.പി22/948/14 /18.11.14 | മുഴുവൻ | ഫർദർ റിപ്പോർട്ട് |
| 2003-04 | എൽ.എഫ്.പി22/949/14 /18.11.14 | മുഴുവൻ | -ടി- |
| 2004-05 | എൽ.എഫ്.പി22/950/14 /17.11.14 | മുഴുവൻ | -ടി- |
| 2005-06 | എൽ.എഫ്.പി22/2014/ 7.11.14 | മുഴുവൻ | -ടി- |
| 2006-07 | എൽ.എഫ്.പി22/952/14 /17.11.14 | മുഴുവൻ | -ടി- |
| 2007-08 | എൽ.എഫ്.പി22/953/14 /7.8.14 | മുഴുവൻ | -ടി- |
| 2008-09 | എൽ.എഫ്.പി22/954/14 /7.8.14 | മുഴുവൻ | ഫർദർ റിപ്പോർട്ട് |
| 2009-10,<br><br>2010-11 | എൽ.എഫ്.പി22/955/14 /15.12.14 | മുഴുവൻ | ഫർദർ റിപ്പോർട്ട് |
| 2011-12 | എൽ.എഫ്.പി22/1084/15 /14.7.15 | മുഴുവൻ | ഫർദർ റിപ്പോർട്ട് |
| 2012-13 | നം.എൽ.എഫ്.പി22/639/2015/11-8-15 | മുഴുവൻ | ഫർദർ റിപ്പോർട്ട് |
| 2013-14<br><br>&<br><br>2014-15 | നം.കെ.എസ്.എ.പി.കെ.ഡി22/1430/16/9-8-16 | മുഴുവൻ | |
| 2015-16 | കെ. | മുഴുവൻ | ഓഡിറ്റ്റിപ്പോർട്ട് |

| | | | |
|---|---|---|---|
| | എസ്.എ.പി.കെ.ഡി-24/226/2017/28-1-2017 | | |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടിലെ ഖണ്ഡികകളിന്മേൽ തുടർ നടപടികൾ സ്വീകരിച്ച് തീർപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്.

## 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്.

നം. കെ.എസ്.എ-പികെഡി 24-1983/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്.

തിയതി 13.10.2017.

ഓഡിറ്റ് സർട്ടിഫിക്കറ്റ്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ ഷോളയൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷ്യപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഷോളയൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ.

അപാകതകളുടെ സംക്ഷിപ്തം

1. ആസ്തിമൂല്യം കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തിമൂല്യം യഥാർത്ഥ ആസ്തിമൂല്യവുമായി പൊരുത്തപ്പെടുന്നില്ല.
2. ഇ.എം.എസ് ലോൺ ഇനത്തിൽ 1401203 രൂപയാണ് പിൻവലിച്ചിട്ടുള്ളത്. എന്നാൽ ആർ.പി. 32 ൽ ആയത് 1526303 രൂപയായി കാണിച്ചിരിക്കുന്നതിനാൽ ആകെ ചെലവ് തെറ്റായി AFSൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഡെപ്യൂട്ടി ഡയറക്ടർ.

No. KSA-PKD 24-1983/2017

Kerala State Audit Department,

District Audit Office,Palakkad.

Date: 13.10.2017.

## Audit Certificate

Certified that I have audited the Annual Financial Statement of Sholayur Gramapanchayat in Palakkad District for the year ended on 31-3-2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Sholayur Gramapanchayat for the year 2016-17 except the observations attached with this certificate properly presents the picture of income and expenditure.

Deputy Director.

## Abstract of Defects

1 Asset values not updated and linked with Sankhya. Hence Balance sheet does not reflects actual value of assets.

2 For repayment of EMS loan, an amount of Rs.1401203 was encashed, but in RP32 it is entered as Rs.1526303.00.
So the total expenditure entered wrongly in AFS.

Deputy Director.